# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം /ജി പി.11/203/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം /ജി പി.11/203/2023 തീയ്യതി: 18/03/2023

## തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 77 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 40 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 09-01-2023 | 19-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 19-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലിഷ .കെ വി (ഓഡിറ്റ് ഓഫീസർ)
ശ്രീമതി ശാലിനി . വി.കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി ശ്രീദേവി . എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി സ്വപ്ന. എസ്( സീനിയർ ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജേന്ദ്രൻ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബെറ്റി ജെ ട്രീസ | സെക്രട്ടറി | 01-04-2021 | 28-06-2021 |
| സന്തോഷ് കുമാർ. ജെ.ജെ | സെക്രട്ടറി | 29-06-2021 | 01-08-2021 |
| മീര. എൻ . മേനോൻ | സെക്രട്ടറി | 02-08-2021 | 11-10-2021 |
| ശ്യാം കുമാരൻ | സെക്രട്ടറി | 12-10-2021 | 31-03-2022 |
| ശ്രീമതി. ആഷ. എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 16-12-2021 |
| അഭിജിത്ത് . യു. വി | അസിസ്റ്റന്റ് എഞ്ചിനീയർ | 17-12-2021 | 31-03-2022 |
| ഡോ.അശ്വതി. എസ് | മെഡിക്കൽ ഓഫീസർ, ആയുർ വേദം . | 01-04-2021 | 31-03-2022 |
| ഡോ.ജയചന്ദ്രൻ | വെറ്റിനറി സർജൻ | 01-04-2021 | 04-08-2021 |
| ഡോ.സൈജു | വെറ്റിനറി സർജൻ | 05-08-2021 | 31-03-2022 |
| ശ്രീമതി. ശശികല. എം.എസ് | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ബാസിമ സീഗം | ഐ സി ഡി എസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.നിഹാദ്. എ. വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 1 | 01-04-2021 | 16-08-2021 |
| ശ്രീമതി.സെമ്മി, എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 2 | 01-04-2021 | 24-08-2021 |
| ശ്രീ. അജേഷ്. സി.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 1,വില്ലേജ് എക്സ്സ്ടെൻഷൻ ഓഫീസർ. സർക്കിൾ 2 | 24-08-2021 | 31-03-2022 |
| ശ്രീമതി. . ബീന. ജെ.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സുനിൽ. പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീമതി. ദീപ . എം.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 06-07-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി. ജിജി,എസ്.കുമാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 05-02-2022 |
| ശ്രീ. സനൽകുമാർ,കൃഷ്ണ വിഹാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 06-02-2022 | 31-03-2022 |
| ഡോ.ഷീജ.എം.പി. | മെഡിക്കൽ ഓഫീസർ, പിഎച്ച് സി . | 01-04-2021 | 31-03-2022 |

..

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് അപാകതകൾ | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക -അപാകതകൾ | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | പദ്ധതി രൂപീകരണം | 1-4 |
| 7 | ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-5 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി | 1-5-1 |
| 9 | മരണം റിപ്പോർട്ട് ചെയ്യുന്നില്ല | 1-5-2 |
| 10 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി | 1-5-3 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 15 | ലേലം - അപാകങ്ങൾ | 1-10 |
| 16 | വാടക പിരിവ് - അപാകങ്ങൾ | 1-11 |
| 17 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകങ്ങൾ | 1-12 |
| 18 | ഗീതം റൂഫിംഗ് മെറ്റീരിയൽസ് - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 19 | വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - കാര്യക്ഷമമല്ല | 1-14 |
| 20 | വസ്തു നികുതി | 1-15 |
| 21 | 2000 ചതുരശ്ര അടിയിലധികമുള്ള കെട്ടിടത്തിന് നികുതി ഇളവ് നൽകി | 1-15-2 |
| 22 | സത്യവാങ്മൂലം സമർപ്പിക്കാതെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | 1-15-3 |
| 23 | കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-15-4 |
| 24 | വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകത | 1-15-5 |
| 25 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത | 1-15-6 |
| 26 | തൊഴിൽ നികുതി പിരിവ് - അപാകങ്ങൾ | 1-16 |
| 27 | സാക്ഷരതാ പ്രേരകിന് അനുവദിച്ച ഓണറേറിയം തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല | 1-17 |

| | | |
|---|---|---|
| 28 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് കാലാവധിയ്ക്കു ശേഷവും ഉപയോഗിച്ചിരിക്കുന്നു | 1-18 |
| 29 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - 216127 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല | 1-19 |
| 30 | പാലിയേറ്റീവ് കെയർ പ്രോജക്റ്റ് - അപാകതകൾ | 1-20 |
| 31 | പാലിയേറ്റീവ് പ്രവർത്തനം - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-21 |
| 32 | പി.എച്ച്.സി - ആംബുലൻസ് ലോഗ് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ | 1-22 |
| 33 | അധികതുക നൽകി കമ്പ്യൂട്ടർ പർച്ചേസ് ചെയ്തു | 1-23 |
| 34 | കൃഷി ഓഫീസറുടെ പ്രോജക്റ്റുകൾ - പൊതുവായ അപാകതകൾ | 1-24 |
| 35 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനിലേയ്ക്ക് വാട്ടർ കണക്ഷൻ- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല - 94000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 36 | മുൻവർഷ പ്രോജക്റ്റിന് തൻവർഷ പ്രോജക്റ്റിൽ നിന്ന് തുക ചെലവഴിച്ചു | 1-26 |
| 37 | മുൻകൂറായി തുക നൽകിയെങ്കിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായില്ല - 111087/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 38 | സ്പെഷ്യൽ പ്രോജക്റ്റ്- കോവിഡ് പ്രതിരോധ പ്രവർത്തനം-അപാകതകൾ | 1-28 |
| 39 | കോവിഡ് പ്രതിരോധം ഡി.സി.സി നടത്തിപ്പ് തുക നൽകൽ - അപാകങ്ങൾ | 1-29 |
| 40 | ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം- ഗ്രാമപഞ്ചായത്ത് വിഹിതം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 41 | പദ്ധതി രൂപീകരണം- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 10918/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 42 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ്, ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ - 96979/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-32 |
| 43 | അംഗൻവാടി പോഷകാഹാരം (എസ്.സി)- ഭരണസമിതി തീരുമാനം- തുടർനടപടി വിവരം ലഭ്യമാക്കിയില്ല | 1-33 |
| 44 | 2017-18 വർഷത്തെ മാർക്കറ്റ് ഫീസ് - സർക്കാർ ഉത്തരവ് പ്രകാരം ലേലത്തുക മടക്കി നൽകി | 1-34 |
| 45 | ദുരിതാശ്വാസ ഫണ്ട് - വിശദാംശം ലഭ്യമാക്കിയില്ല | 1-35 |
| 46 | സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അപാകതകൾ | 1-36 |
| 47 | ക്ഷീരസമൃദ്ധി - കർഷകർക്ക് പാലിന് സബ്സിഡി-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-37 |
| 48 | കുട്ടികളുടെ പാർക്ക്-കാടുപിടിച്ച നിലയിൽ | 1-38 |
| 49 | പകൽ വീട് - നിഷ്ക്രിയ ആസ്തി ആയി തുടരുന്നു | 1-39 |

| | | |
|---|---|---|
| 50 | ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റിനുവേണ്ടി സ്ഥലം ഏറ്റെടുക്കൽ-തുടർനടപടികൾ | 1-40 |
| 51 | ലൈഫ് പദ്ധതി അപാകങ്ങൾ | 1-41 |
| 52 | ന്യൂലൈഫ് ഭവന പദ്ധതി - അപാകങ്ങൾ | 1-42 |
| 53 | വീട് വാസയോഗ്യമാക്കൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-43 |
| 54 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി : വിനിയോഗ രേഖകൾ ഹാജരാക്കിയില്ല - 612500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-44 |
| 55 | പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-45 |
| 56 | കേദാരം പ്രോജക്ട് - ആനുകൂല്യം നൽകിയതിലെ അപാകതകൾ | 1-46 |
| 57 | പുൽവെട്ടി യന്ത്രം വാങ്ങൽ - സബ്സിഡി മാർഗ്ഗ രേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-47 |
| 58 | എൽ പി, യു പി സ്കൂൾ വിദ്യാർഥികൾക്ക് പ്രഭാത ഭക്ഷണം നൽകൽ- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-48 |
| 59 | കറവപ്പശു വളർത്തൽ പദ്ധതി (വനിത) നടത്തിപ്പിലെ അപാകങ്ങൾ | 1-49 |
| 60 | ബഡ്സ് സ്കൂൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നു | 1-50 |
| 61 | ഇ-ടെണ്ടർ-ടെണ്ടർഫോറം വില വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-51 |
| 62 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-52 |
| 63 | നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XX111 ൽ ഉൾപ്പെടുത്തി ടൌൺ യു പി എസ് കെട്ടിടനിർമ്മാണം- വൈദ്യുതീകരണവും അനുബന്ധ പ്രവൃത്തികളും നടപ്പിലാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ് | 1-53 |
| 64 | പാഥേയം പദ്ധതി - സി ഡിഎസിനു കൈമാറിയ തുക പൂർണ്ണമായും ചെലവഴിക്കാതെ മുഴുവൻ തുകക്കും വിനിയോഗ സാക്ഷ്യപത്രം അനുവദിച്ചു | 1-54 |
| 65 | ടേക്ക് എ ബ്രേക്ക് - വഴിയോര വിശ്രമ കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-55 |
| 66 | കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-56 |
| 67 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-57 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് 19.02.2021 ലെ അടിയന്തിര യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14184775 |
| വരവ് | 290833000 |
| ആകെ | 305017775 |
| ചെലവ് | 289234960 |
| നീക്കിയിരിപ്പ് | 15782815 |

2021-22 ലെ പുതുക്കിയ ബജറ്റ് 18.03.2022 ലെ അടിയന്തിര യോഗം 5/2 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ് അപാകതകൾ

എ) ബജറ്റ് രൂപീകരണം - അപാകതകൾ

1. 1994 ലെ കേരള പഞ്ചായത്ത്രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ (Annexure 6)

സി) പെർഫോമൻസ് ബജറ്റ് (Annexure 10)

ഡി) ജെൻഡർ ബജറ്റ്(Annexure 11)

ഇ) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.
ബജറ്റിന്റെ പ്രതിമാസ അവലോകനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5

വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല.

ബജറ്റിന്റെ വാർഷിക അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഘടകസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) ബജറ്റ് തുക വകയിരുത്തൽ – അപാകതകൾ

പഞ്ചായത്ത്‌രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ,

എ) 2021-22 ലെ ബജറ്റ്, 2021-22 ലെ റിവൈസ്ഡ് ബജറ്റ് എന്നിവയിൽ തുക വകയിരുത്താതെ ചുവടെ പറയുന്ന ഇനങ്ങൾക്ക് ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2105001 | - | - | 331711 |
| 2 | 2501032 | - | - | 176000 |
| 3 | 2503015 | - | - | 16764 |
| 4 | 2513004 | - | - | 41751 |

ബി) 2021-22 ലെ ബജറ്റ്, 2021-22 ലെ റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്തിയതിൽ കൂടുതലായി ചുവടെ പറയുന്ന ഇനങ്ങൾക്ക് ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2301101 | 400000 | 415000 | 434573 |
| 2 | 2304001 | 75000 | 300000 | 317525 |
| 3 | 2501026 | 200000 | 250000 | 400000 |
| 4 | 2501031 | 1000000 | 1000000 | 1169000 |
| 5 | 2501039 | 200000 | 200000 | 250000 |
| 6 | 2512009 | 200000 | 500000 | 1697956 |
| 7 | 2513006 | 3000000 | 3300000 | 35124732 |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 39/17.01.22, 52/18.01.22 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 09.06.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകളും പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/11.01.2023, 17/16.01.23, 18/16.01.23 എന്നിവയും 5/11.01.2023 ന് ലഭിച്ച മറുപടിയും ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലാത്തതിനാലാണ് സമർപ്പിക്കാൻ കഴിയാത്തതെന്ന് അറിയിച്ചിരിക്കുന്നു.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

3. തിരുവനന്തപുരം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് (450230101) അക്കൗണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം, ഇഷ്യൂ ചെയ്തിട്ടും 3 മാസത്തിനുള്ളിൽ ബാങ്കിൽ സമർപ്പിച്ച് പണമാക്കാത്ത ചുവടെ പറയുന്ന ചെക്കുകൾ പ്രകാരമുള്ള തുകകൾ 2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ ബി-9 ഷെഡ്യൂളിൽ 350800101-Liability In Respect Of Stale Cheques ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ചെക്ക് നം./തീയതി | വൗച്ചർ നം./ തീയതി | തുക |
|---|---|---|---|
| 1 | 485431/12.10.20 | 22000671/12.10.20 | 486 |
| 2 | 485296/30.09.20 | 22000610/30.09.20 | 1000 |
| 3 | 493840/29.01.21 | 22001263/29.01.21 | 4970 |
| 4 | 597431/17.08.21 | 22100435/17.08.21 | 1200 |
| 5 | 597450/01.09.21 | 22100477/01.09.21 | 266 |
| 6 | 597685/09.09.21 | 22100517/09.09.21 | 920 |
| 7 | 560429/13.04.21 | 22100055/13.04.21 | 200 |
| 8 | 560377/17.03.21 | 22001459/17.03.21 | 3610 |
| | | ആകെ | 12652 |

വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

4. 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ വരവും എം.എൻ.ആർ.ഇ.ജി.എസ് ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | എൻ.ആർ.ഇ.ജി.എസ് ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|---|
| 1 | വരവ് | 35214000 | 34468000 |

ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക തന്നെയാണ് വാർഷിക ധനകാര്യ പത്രികയിൽ നൽകിയിട്ടുള്ളത് എന്നറിയിച്ചിരിക്കുന്നു. എന്നാൽ മേൽ അപാകത നിലനിൽക്കുന്നു.

5. 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യം ലഭ്യമല്ലായിരുന്നുവെന്ന് അറിയിച്ചിരിക്കുന്നു.

6. 2020-21, 2021-22 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂളുകൾ പ്രകാരം ചുവടെ പറയുന്ന ഹെഡ്ഡിലെ തുക അതു പോലെ തന്നെ നിലനിൽക്കുന്നതായി കാണുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 460100103 | Temporary Advance For Official Purposes | 32273 |

കൂടാതെ 2021-22 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന അഡ്വാൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| കോഡ് | ഇനം | തുക |
|---|---|---|
| 460500499 | Advance To Other Accredited Agencies | 915716 |
| 460509901 | Advance To Others | 149496 |

അഡ്വാൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല. തുടർവർഷങ്ങളിൽ പരിഹരിക്കാൻ ശ്രമിക്കുന്നതാണ് എന്നറിയിച്ചിരിക്കുന്നു.

7. 2020-21 സാമ്പത്തിക വർഷത്തെ B-7, RP-33(വരവ്), RP-33(ചെലവ്), 2021-22 സാമ്പത്തിക വർഷത്തെ B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | Contractors EMD | 14560 | 0 | 0 | 14560 |
| 2 | Suppliers Security Deposit | 34503 | 0 | 0 | 34503 |
| 3 | Auction Deposit | 797000 | 0 | 0 | 797000 |
| 4 | Deposit Received For Halls And Auditorium | 17000 | 0 | 0 | 17000 |
| 5 | Other Deposits | 925449 | 0 | 0 | 925449 |
| 6 | Suppliers EMD | 49130 | 0 | 0 | 49130 |
| 7 | Rent Deposit | 152644 | 0 | 0 | 152644 |
| 8 | Election Deposit (Candidate) | 60500 | 0 | 0 | 60500 |
| 9 | Other Deposits-Revenue | 5000 | 0 | 0 | 5000 |
| 10 | Deposit Received From Others | 204 | 0 | 0 | 204 |
| 11 | Contractors Security Deposit | 1500 | 15000 | 0 | 16500 |
| 12 | Bidders EMD | 268902 | 212700 | 158450 | 323152 |
| 13 | Bidders Security Deposit | 206363 | 5000 | 0 | 211363 |

* Other Deposits ഇനത്തിൽ നീക്കിയിരിപ്പുള്ള 925449/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക 2016 മുതലുള്ള നീക്കിയിരിപ്പ് ആണെന്നും കമ്മിറ്റി തീരുമാനപ്രകാരം തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ല. പല ഡെപ്പോസിറ്റുകളുടെ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

8. ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ 2021-22 വർഷത്തെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

9. വാർഷിക ധനകാര്യ പത്രിക B-9 ഷെഡ്യൂളുകൾ പ്രകാരം ചുവടെ പറയുന്ന ഹെഡ്ഡുകളിൽ തുക സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | കോഡ് നം. | ഇനം | തുക |
|---|---|---|---|
| 1 | 350300101 | Government And Other Dues Payable - Library Cess | 230849 |
| 2 | 350300110 | Government And Other Dues Payable - CGST | 100045 |
| 3 | 350300111 | Government And Other Dues Payable - SGST | 100045 |

തുകകൾ ഒടുക്കിയിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. ഒടുക്ക് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

10. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി 2021 മാർച്ചിലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ആവശ്യമായ ഹെഡ്ഡുകൾ ലഭ്യമല്ലാത്തതിനാലാണ് ഉൾപ്പെടുത്താത്തത് എന്നറിയിച്ചിരിക്കുന്നു.

11. സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പ്രകാരം രജിസ്ട്രേഷൻ ഇനത്തിൽ 2021-22 വർഷം 1850/- രൂപയുടെ വരവാണ് ഉള്ളത്. എന്നാൽ വാർഷിക കണക്കിൽ 140100102 ഹെഡ്ഡിൽ 2200/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

12. വളർത്തു നായ്ക്കളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരം ടി ഇനത്തിൽ 2020-21 വർഷം 180/- രൂപയുടെ വരവാണ് ഉള്ളത്. എന്നാൽ വാർഷിക കണക്കിൽ 140110109 ഹെഡ്ഡിൽ 190/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

13. Licence For Dangerous And Offensive Traders Registerലെ ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരം ഡിമാന്റ്, കളക്ഷൻ തുകകൾ 310500/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഡിമാന്റ് 311500/- രൂപയും, കളക്ഷൻ 296500/- രൂപയുമാണ്.

14. കോവിഡിന്റെ ഭാഗമായി ജീവനക്കാരുടെ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ മാറ്റിവെച്ച ശമ്പളം തിരികെ നൽകുമ്പോൾ ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്യുന്നതിന് സർക്കാർ ഉത്തരവ് സ.ഉ(അ).നം.122/2021/ധന തീയതി. 01.09.2021 സർക്കുലർ നം.71/2021/ധന തീയതി. 03.09.2021 പ്രകാരം നിർദ്ദേശിച്ചിരുന്നു. 2021-22 വർഷം ഇപ്രകാരം ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്ത് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

15. വാർഷിക ധനകാര്യ പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്ക് ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്.

| സ്ഥാപനം | 2020-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| കേരള വാട്ടർ അതോറിറ്റി | 7360485 | 4642830 |
| കെ.എസ്.ഇ.ബി | 517919 | 509041 |

കേരള വാട്ടർ അതോറിറ്റി, കെഎസ്ഇബി എന്നിവയ്ക്ക് അനുവദിച്ചിരുന്നതും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ 2020-21 വർഷത്തെ B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിരുന്നതുമായ തുകകളിൽ 2021-22 ൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചവയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ ലഭ്യമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രിയിലെ നീക്കിയിരിപ്പ് തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

16. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 216/22-ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനിലേയ്ക്ക് വാട്ടർ കണക്ഷൻ പദ്ധതിയുടെ ഭാഗമായി 94000/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-47 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. ബന്ധപ്പെട്ട ചെലവ് ഹെഡ്ഡിന്റെ ലെഡ്ജർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

17. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 198/22 പൊതുമരാമത്ത് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ പദ്ധതിയുടെ ഭാഗമായി പല തവണയായി ആകെ 96979/- രൂപ കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചതിൽ 32873/- രൂപയുടെ ചെലവ് മാത്രമാണ് വാർഷിക കണക്കിൽ RP-47 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കിയുള്ള 64106/- രൂപ ഏത് ഹെഡ്ഡിലാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. മേൽ അപാകം പരിഹരിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12351095 | 12351095 | 14035964 | -1684869 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10503360 | 10503360 | 9355034 | 1148326 |
| വികസനഫണ്ട് (CFC Tied) | 0 | 7043899 | 7043899 | 3168931 | 3874968 |
| വികസനഫണ്ട് (CFC Untied) | 0 | 2849699 | 2849699 | 2761833 | 87866 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 15254456 | 15254456 | 5219708 | 10034748 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 7066564 | 7066564 | 4697667 | 2368897 |

| | | | | | |
|---|---|---|---|---|---|
| CSS | 0 | 0 | 0 | 1517271 | (-) 1517271 |
| SSS | 0 | 0 | 0 | 2044748 | (-) 2044748 |

വികസന ഫണ്ട് ജനറൽ, CSS, SSS എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് (-1684869) ആയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

1. വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 14035964 |
| | ACR | 12222697 |
| | Accounts | 12222697 |
| Development Fund (SCP) | Grant Statement | 9355034 |
| | ACR | 8988368 |
| | Accounts | 8988368 |
| Maintenance Fund (Non Road) | Grant Statement | 4697667 |
| | ACR | 4727667 |
| | Accounts | 4697667 |
| Development Fund (CFC UnTied) | Grant Statement | 2761833 |
| | ACR | 2761833 |
| | Accounts | 2761958 |

2. ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 6719792 | 5273139 | 78.47 |
| | പട്ടികജാതി | 500000 | 0 | 0 |
| സേവനം | പൊതുവിഭാഗം | 43429252 | 24217460 | 55.76 |
| | പട്ടിക ജാതി | 30425771 | 10783055 | 35.44 |
| പശ്ചാത്തലം | പൊതുവിഭാഗം | 9116047 | 6289733 | 68.99 |
| | പട്ടിക ജാതി | 2851200 | 2070472 | 72.61 |
| ഉല്പാദനം | പട്ടിക വർഗ്ഗം | 41500 | 41500 | 100 |

പട്ടികജാതി വിഭാഗത്തിൽ ഉല്പാദന മേഖലയ്ക്ക് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവഴിച്ചിട്ടില്ല.

3. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) ഖണ്ഡിക 6.1 പ്രകാരം പട്ടികജാ തി ഉപപദ്ധതിവിഹിതം പാഴാക്കാൻ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച ആകെ 11403666 രൂപയിൽ 9355034 രൂപയാണ് ചെലവഴിച്ചത്. 18% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

4. 2021-22 വർഷം ചുവടെ പറയുന്ന പ്രോജക്ടുകൾക്കായി വകയിരുത്തിയിരുന്ന എസ്.സി.പി ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | അടങ്കൽ (എസ്.സി.പി ഫണ്ട്) | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 65/22 | 250000 | വിഇഒ സർക്കിൾ 2 |
| 2 | 8/22 | 700000 | അസി.എഞ്ചിനീയർ |

5. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ

പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | 320700204 | 322319 |
| 2 | 320700404 | 245038 |
| 3 | 320700405 | 31026 |

6. 2021-22 ലെ വാർഷിക ധനകാര്യപത്രികയിലെ ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | 320300103 | 59030 |
| 2 | 320400199 | 7000 |
| 3 | 350200301 | 125400 |
| 4 | 320200309 | 111864 * |

* 2020-21 വർഷത്തെ നീക്കിയിരിപ്പ് തുകയായ 103738 രൂപ ഉൾപ്പെടെയുള്ള തുക. ക്രമ നം. 4 ഒഴികെയുള്ളവ 2020-21 വർഷത്തെ ബാലൻസ് ഷീറ്റിലും അതുപോലെ നിലനിൽക്കുന്നവയാണ്. പ്രസ്തുത തുകകൾ ഏത് സാമ്പത്തിക വർഷത്തിൽ വരവ് വന്നിട്ടുള്ളതാണെന്ന വിവരവും നാളിതുവരെ വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നതിനുള്ള കാരണവും വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 09/12.01.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സംബന്ധിച്ച അപാകതകൾ IKM നെ അറിയിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. പദ്ധതി മാർഗരേഖ പ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി തുക വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി രൂപീകരണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 9 | 8 | 1 | 88 | 2449625 | 1995390 | 81 |
| Ii | വെറ്റിനറി സർജൻ | 10 | 10 | 0 | 100 | 3436160 | 2590047 | 75 |
| Iii | മെഡിക്കൽ ഓഫീസർ - CHC | 14 | 14 | 0 | 100 | 3469900 | 30244638 | 87 |
| Iv | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 3 | 0 | 100 | 920226 | 918893 | 99 |
| V | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ -1 | 16 | 13 | 3 | 81 | 17284699 | 7288766 | 42 |
| Vi | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 0 | 100 | 5235076 | 4769965 | 91 |
| Vii | സെക്രട്ടറി | 28 | 18 | 10 | 64 | 6885390 | 4870289 | 70 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Viii | അസിസ്റ്റന്റ് എഞ്ചിനീയർ | 66 | 53 | 13 | 80 | 22024759 | 12360193 | 56 |
| Ix | എച്ച്.എം. | 7 | 7 | 0 | 100 | 1119521 | 1088916 | 97 |
| X | ഡയറിഫാം ഇൻസ്പെക്ടർ | 2 | 2 | 0 | 100 | 720000 | 635603 | 88 |
| Xi | അസിസ്റ്റന്റ് സെക്രട്ടറി | 8 | 8 | 0 | 100 | 2050901 | 1487675 | 72 |
| Xii | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ –2 | 10 | 9 | 1 | 90 | 27487305 | 7644984 | 27 |
| ആകെ | | 181 | 153 | 28 | 85 | 93083562 | 48675359 | 52 |

1) ആകെ വകയിരുത്തിയതിന്റെ 52 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

എ) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 65 പ്രോജക്ടുകളിൽ 53 എണ്ണം മാത്രമാണ് നടപ്പാക്കിയത്.

സി) വി ഇ ഒ സർക്കിൾ –1,2 എന്നിവർ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് ശതമാനം യഥാക്രമം 42%, 27% എന്നിങ്ങനെയാണ്.

3)തൻവർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | S0137/22 | പന്ത്രണ്ടിന പരിപാടി – ശുചിത്വ കേരളം –ഗാർഹിക ബയോഗ്യാസ് പ്ളാന്റ് | വി ഇ ഒ-1 |

പദ്ധതി നടപ്പിലാക്കാതിരുന്ന കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റ് എൻക്വയറി നം 49 ന് മറുപടിലഭ്യമാക്കിയില്ല.

(ബി) പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ) 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി, ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 49/18-1-23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ബി) 2021-22 വർഷത്തെ വാർഷിക പദ്ധതി രൂപീകരണത്തിനായി ആസൂത്രണ സമിതി യോഗം 29-1-21 ന് ചേർന്നതായി മിനട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഖണ്ഡിക 3.1.2 പ്രകാരം നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പ് ആവശ്യമെങ്കിൽപുനസംഘടിപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം പുനസംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി ആവശ്യപ്പട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 3 ദിവസങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. എന്നാൽ തീയതികൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകൾ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | പട്ടിക ജാതി/പട്ടിക വർഗ്ഗം | 12-02-21 | മുടങ്ങിക്കിടക്കുന്ന പഠന വീടുകൾ പുനരാരംഭിക്കുക, പഠനമുറി ആനുകൂല്യം ഉപരി പഠനത്തിന് സ്കോളർഷിപ്പ് അനുവദിക്കുക<br>നെടുംപച്ച കുടിവെള്ള പദ്ധതി |
| 2 | ദാരിദ്ര്യ ലഘൂകരണം | 29-01-21 | പഞ്ചായത്തിൽ നിലവിലുള്ള ആശ്രയ ലിസ്റ്റ് പുന: പരിശോധിക്കണം.<br>അനർഹരായവർ ലിസ്റ്റിലുണ്ടെന്ന കണ്ടെത്തൽ |
| 3 | വൃദ്ധർ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ | 12-02-21 | പകൽ വീട് പ്രവർത്തനം കാര്യക്ഷമമാക്കുക |
| 4 | പൊതുമരാമത്ത്, ഊർജ്ജം | 12-02-21 | 13-ാം വാർഡിലെ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം വേഗത്തിലാക്കുക |

ആശ്രയ ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശം അടിയന്തിര പ്രാധാന്യത്തോടെ പരിശോധിക്കപ്പെടേണ്ടതാണ്.

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതാനാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | കൃഷി | ഗുരുതരം | പൊതു സ്ഥലങ്ങൾ തരിശു കിടക്കുന്നത് |
| 2 | കുടിവെള്ളം | അതീവ ഗുരുതരം | കുടിവെള്ള ക്ഷാമം |

## 1-5 ക്ഷേമ പദ്ധതികളുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5045200 | 311 |
| വിധവാപെൻഷൻ | 22648000 | 1491 |
| വാർദ്ധക്യകാല പെൻഷൻ | 37861900 | 2606 |
| വികലാംഗ പെൻഷൻ | 4911700 | 313 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 465600 | 32 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | പേര് | പെൻഷൻ | പെൻഷൻ തരം | മരണപ്പെട്ട | നിലവിലെ | അനർഹമായി പെൻഷൻ | അധികം |
|---|---|---|---|---|---|---|---|

| നം | | ഐ ഡി | | തീയതി | സ്റ്റാറ്റസ് | വിതരണം ചെയ്തതിന്റെ വിവരം | നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | സത്യഭാമ | 102330200032 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 06.03.2021 | സസ്പെൻഡ് | 04/21-08/21 | 1600*5 |
| 2 | ശ്യാമള ജെ | 102330201714 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10.03.2021 | സസ്പെൻഡ് | 04/21-08/21 | 1600*5 |
| 3 | ഭാസ്കരൻ കെ | 102330201966 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14.03.2021 | സസ്പെൻഡ് | 04/21 | 1600*1 |
| 4 | രാജമ്മ | 102330200495 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16.04.2021 | സസ്പെൻഡ് | 05/21-08/21 | 1600*4 |
| 5 | സോമൻ വി | 102330201786 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15.05.2021 | സസ്പെൻഡ് | 06/21-08/21 | 1600*3 |
| 6 | കമലാക്ഷി ബി | 102330201455 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14.05.2021 | സസ്പെൻഡ് | 06/21-08/21 | 1600*3 |
| 7 | എം. ഗോപാലപിള്ള | 102330100121 | കർഷക തൊഴിലാളി പെൻഷൻ | 30.04.2021 | സസ്പെൻഡ് | 05/21-08/21 | 1600*4 |
| 8 | സുമതി | 102330200152 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 31.05.2021 | സസ്പെൻഡ് | 06/21-11/21 | 1600*6 |
| 9 | പത്മാവതി അമ്മ | 102330100191 | കർഷക തൊഴിലാളി പെൻഷൻ | 26.05.2021 | സസ്പെൻഡ് | 06/21-08/21 | 1600*3 |
| 10 | സുജാത എസ് | 102330201820 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10.06.2021 | സസ്പെൻഡ് | 07/21-09/21 | 1600*3 |
| 11 | സുശീല | 102330600582 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15.05.2021 | ആക്ടീവ് | 06/21 - 11/22 | 1600*18 |
| 12 | സുധാകരൻ എം | 102330200939 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14.07.2021 | സസ്പെൻഡ് | 08/21 | 1600*1 |
| 13 | സോളമൻ ആർ | 102330201715 | ഇന്ദിരാഗാന്ധി | 20.07.2021 | സസ്പെൻഡ് | 08/21 | 1600*1 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ദേശീയ വാർദ്ധക്യകാല പെൻഷൻ | | | | |
| 14 | മീനാക്ഷി | 102330600784 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 29.07.2021 | സസ്പെൻഡ് | 08/21 | 1600*1 |
| 15 | സി. തങ്കമ്മ | 102330100192 | കർഷക തൊഴിലാളി പെൻഷൻ | 27.05.2021 | സസ്പെൻഡ് | 06/21-08/21 | 1600*3 |
| 16 | ഐഷാ ബീവി | 102330600291 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 16.06.2021 | സസ്പെൻഡ് | 07/21-08/21 | 1600*2 |
| 17 | ദിവാകരൻ ജി | 102330201341 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02.09.2021 | സസ്പെൻഡ് | 10/21-11/21 | 1600*2 |
| 18 | സുഭദ്ര. കെ | 102330100591 | കർഷക തൊഴിലാളി പെൻഷൻ | 12.09.2021 | സസ്പെൻഡ് | 10/21 | 1600*1 |
| 19 | കെ. വാസുദേവൻ പിള്ള | 102330100469 | കർഷക തൊഴിലാളി പെൻഷൻ | 09.09.2021 | സസ്പെൻഡ് | 10/21-12/21 | 1600*3 |
| 20 | കുഞ്ഞുലക്ഷ്മി | 102330200317 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.12.2021 | സസ്പെൻഡ് | 01/22 - 03/22 | 1600*3 |
| 21 | എം.ഉപേന്ദ്രൻ | 102330200505 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22.01.22 | സസ്പെൻഡ് | 02/22-03/22 | 1600*2 |
| 22 | ജി.തങ്കമ്മ | 102330200721 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 21.01.22 | സസ്പെൻഡ് | 02/22-03/22 | 1600*2 |
| 23 | ഗോപി കെ | 102330201570 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17.11.2021 | സസ്പെൻഡ് | 12/21-06/22 | 1600*7 |
| 24 | മുഹമ്മദ്ഇല്യാസ് എം | 102330200870 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11.09.2021 | സസ്പെൻഡ് | 10/21-12/21 | 1600*3 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 6/2021-22 12.01.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. മരണം രജിസ്റ്റർ ചെയ്യപ്പെട്ടപ്പോൾ തന്നെ പെൻഷൻ സെക്ഷനെ അറിയിച്ച് പെൻഷൻ വിതരണം നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5-2 മരണം റിപ്പോർട്ട് ചെയ്യുന്നില്ല

ധനകാര്യ വകുപ്പിന്റെ 02.08.2021ലെ സർക്കുലർ നമ്പർ 63/2021/ധന പ്രകാരം പ്രാദേശിക സർക്കാരിൽ അതാത്

മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10ാം തീയതിക്ക് മുൻപായി അറിയിക്കേണ്ടതാണ്, എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന പാലിക്കുവാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 6/2021-22 12.01.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ ചേർത്തിരിക്കുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി/ ക്ഷേമ പെൻഷൻ നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം |
|---|---|---|---|---|
| 1 | വി വസന്ത | 103660600092 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28.05.2021/ കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് |
| 2 | സൈനബാബീവി | 112170200060 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14.06.2021/ കുമ്മിൾ ഗ്രാമ പഞ്ചായത്ത് |
| 3 | സുമതി | 102350200832 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 05.09.2021/ മടവൂർ ഗ്രാമ പഞ്ചായത്ത് |
| 4 | ഭാരതി.ബി | 102370202122 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 12.09.2021/ നഗരൂർ ഗ്രാമ പഞ്ചായത്ത് |
| 5 | പാത്തുമ്മബീവി എസ് | 102390602091 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 04.11.2021/പുളിമാത്ത് ഗ്രാമ പഞ്ചായത്ത് |

മരണത്തീയതി കൃത്യമായി അതത് പഞ്ചായത്തുകൾക്ക് റിപ്പോർട്ട് ചെയ്യുകയും അനർഹമായി പെൻഷൻ തുക ചെലവഴിക്കുകയും ചെയ്യുന്നതിൽ അതീവ ഗൗരവത്തോടെ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-5-3 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി

23.09.2020ലെ സ.ഉ (എം എസ് )നമ്പർ 97/2020/ധന നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിന് 7 പൊതു മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുള്ളതിൽ രണ്ടാമത്തെ നിർദ്ദേശമനുസരിച്ച് അപേക്ഷകർ സർവ്വീസ് പെൻഷൻ /കുടുംബപെൻഷൻ ലഭിക്കുന്നവർ ആകരുത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13-03-2021 ലെ എഡിപി- ടിവിഎം/711/2020-PA2 നമ്പർ കത്ത് പ്രകാരം സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ തിട്ടപ്പെടുത്തി 30 ദിവസത്തിനകം തിരിച്ചടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ അനർഹമായി ആനുകൂല്യം കൈപ്പറ്റിയ എട്ട് പേരിൽ മൂന്ന് പേർ തുക തിരിച്ചടയ്ക്കുകയുണ്ടായി. ബാക്കിയുള്ള അഞ്ച് പേരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐഡി | തിരിച്ചടയ്ക്കേണ്ട തുക |
|---|---|---|---|
| 1 | തങ്കമ്മ ജെ | 102330201096 | 66300 |
| 2 | കമലമ്മ വി | 102330201167 | 496000 |
| 3 | ശ്രീദേവി ജി | 102330201550 | 79000 |

| | | | |
|---|---|---|---|
| 4 | തുളസീദാസ് കെ | 102330400055 | 65700 |
| 5 | സുശീല | 102330601543 | 40800 |

ഓഡിറ്റ് എൻക്വയറി (നം 54/2021-22 18.01.2023 ) ക്ക് ലഭ്യമാക്കിയ മറുപടിയിൽ ശ്രീ തുളസീദാസ് കെ ഒഴികെ മറ്റുള്ളവർ തുക ഒടുക്കുന്നതാണെന്ന് അറിയിച്ചു. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.01.2023 തീയതി 3.29 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8008/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിന് താഴെ ചേർക്കുന്ന വിഷയങ്ങളിൽ കൂടി ശ്രദ്ധ പുലർത്തുന്നത് ഉചിതമായിരിക്കും.

1) ആസ്തി രജിസ്റ്റർ പൂർണമായും കാലികമാക്കി സൂക്ഷിച്ചിട്ടില്ല. നിലവിൽ റോഡ് ആസ്തികൾ മാത്രമെ കാലികമാക്കിയിട്ടുള്ളു.

2) ഗ്രാമപഞ്ചായത്തിന്റെ ആസ്തി സംരക്ഷണത്തിനായി ജനറൽ കമ്മിറ്റി എടുത്ത തീരുമാനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. പകൽ വീട് കുട്ടികളുടെ പാർക്ക്, ബയോഗ്യാസ് പ്ലാന്റ് എന്നിവ പ്രവർത്തന ക്ഷമമാക്കുന്നതിനും ആസ്തികളുടെ സംരക്ഷണം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെമരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

4) പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും 2013-14 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി ഈടാക്കുവാനുള്ളതായികണ്ടു.

5) പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും വിവിധ വാങ്ങൽ പ്രക്രിയകൾ സുതാര്യവും സാമ്പത്തിക അച്ചടക്കം ഉറപ്പ് വരുത്തുന്നതുമായിരിക്കണം.

6) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

7) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗ് മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നിരുന്നാലും ഫയലുകളുടെ സൂക്ഷിപ്പിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ രജിസ്റ്ററുകൾ ഏതെന്ന് അതത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതു തൻപതിവേടിൽ ചേർക്കുകയോ ചെയ്യണം. സ്ഥാപനത്തിലെ ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ഫ്രണ്ട് ഓഫീസ് വഴി നമ്പറിട്ട് വാങ്ങുന്ന തപാലുകൾ നഷ്ടപ്പെടുന്നതായും അതാത് ദിവസത്തെ തപാലുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽ ലഭിച്ചിട്ടുണ്ടോയെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതായി നിർദ്ദേശിച്ചിട്ടും പാലിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടതായും 23-7-2021 ലെ ഓഫീസ് മീറ്റിംഗ് മിനുട്സ് പരിശോധിച്ചതിൽ പ്രധാനപ്പെട്ട ഫയലുകൾ പോലും കാണാതെയാകുന്ന അവസ്ഥയുണ്ടാകുന്നതായും രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ മേൽപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോ എന്നതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിൽ നിലവിൽ ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ ILGMS വഴി നേരിട്ട് അതാത് സെക്ഷനുകളിൽ ഓൺലൈനായി എത്തുന്നതിനാൽ തപാലുകൾ കാണാതാകുന്ന അവസ്ഥയില്ല എന്നാണ് അറിയിച്ചിരിക്കുന്നത്.

8) പഞ്ചായത്തിന്റെ ISO സർട്ടിഫിക്കേഷന്റെ കാലാവധി 06-06-22 ന് അവസാനിച്ചിട്ടുണ്ട്. ആയത് പുതുക്കേണ്ടതാണ്.

9) ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്തേണ്ടതാണ്. ഓഫീസ് മീറ്റിംഗ് മിനുട്സ് പരിശോധിച്ചതിൽ 27-10-21 ന ശേഷം 06-06-22 നാണ് ഓഫീസ് മീറ്റിംഗ് കൂടിയിരിക്കുന്നത്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 656732 | 656732 | 656732 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34468000 | 34468000 | 34468000 | 0 |

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് അപാകതകൾ

1) MNREGA ആക്റ്റ് 2005 സെക്ഷൻ 17 പ്രകാരം MNREGA സ്കീം പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2021-22 ൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതിന്റെയും സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2021-22 ഖ.4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമായി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2021-22 ഖ.4.5.1 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതുജനങ്ങൾക്കും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2021-22 ഖ,7.12.5 പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. 2021-22 വർഷത്തെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ എം.എൻ.ആർ.ഇ .ജി എസ് മാസ്റ്റർ സർക്കുലർ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്ക് കോഡ് | 1614003007/DP/325155 |
| പ്രവൃത്തിയുടെ പേര് | ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, വൃക്ഷത്തൈകൾ, പച്ചക്കറി എന്നിവയുടെ കൃഷി |
| എം.ബുക്ക് നം | Dp /325155 |
| ചെലവ് തുക | 166503 |

A. മേൽ പ്രവൃത്തിയുടെ ഫയലിൽ സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവ പൂർണ്ണമല്ല.

B. ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്സ് ഫയലിൽ ലഭ്യമല്ല.

C. ടെക്നിക്കൽ എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവയുടെ കോപ്പി ഫയലിൽ ലഭ്യമല്ല. കൂടാതെ ആകെ എസ്റ്റിമേറ്റ്,ലേബർ എസ്റ്റിമേറ്റ്, മെറ്റീരിയൽ എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെട്ട കോസ്റ്റ് എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്റ്റ്, പ്രോജക്റ്റ് റിപ്പോർട്ട്/ ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

D. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പും പ്രവൃത്തി നിർവ്വഹണ ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലുമുള്ള ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല.

E. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

F. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

G. ഡിമാന്റ് ആപ്ലിക്കേഷൻ ഫോം, വർക്ക് അലോക്കേഷൻ ഫോം എന്നിവ ഫയലിൽ ലഭ്യമല്ല.

4) 2021-22 വർഷത്തെ എം.എൻ.ആർ.ഇ .ജി എസ് മാസ്റ്റർ സർക്കുലർ ഖണ്ഡിക 7.6.9 പ്രകാരം തൊഴിലുറപ്പ് പദ്ധതി പ്രകാരം സർക്കാർ ഭൂമിയിൽ പ്രവർത്തിക്കുന്ന നഴ്സറികൾ കുറഞ്ഞത് 3 വർഷത്തേയ്ക്ക് പ്രവർത്തനക്ഷമ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തി പ്രകാരം ആരംഭിച്ച നഴ്സറിയുടെ തുടർനടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഭൂമിയിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സമ്മതപത്രവും ലഭ്യമാക്കിയിട്ടില്ല.

5) എം.എൻ.ആർ.ഇ.ജി.എസ് മുഖേന സ്ഥാപിച്ച നഴ്സറികളിൽ ഉത്പാദിപ്പിക്കുന്ന വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിന് 29.05.2018 ലെ പി.എസ്.2/288/2018/തസ്വഭവ(1) നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരവും ആയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല.

6) എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2021-22 ഖണ്ഡിക നം, 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവെടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ഭൂരിഭാഗം പ്രവൃത്തികളുടെയും എം ബുക്കുകളിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു,.

എ)

| | |
|---|---|
| വർക്ക് കോഡ് | 1614003007/RC/350656 |
| പ്രവൃത്തിയുടെ | താന്നിമൂട് വിളയിൽ റോഡ് നിർമ്മാണം, |

| | |
|---|---|
| പേര് | കുന്നമ്മേൽ |
| എം.ബുക്ക് നം | ലഭ്യമാക്കിയില്ല |
| ചെലവ് തുക | 84952 |

ബി)

| | |
|---|---|
| വർക്ക് കോഡ് | 1614003007/AV/275046 |
| പ്രവ്യത്തിയുടെ പേര് | മിനി എം.സി.എഫ് കുന്നമ്മേൽ |
| എം.ബുക്ക് നം | ലഭ്യമാക്കിയില്ല |
| ചെലവ് തുക | 146882 |

മാസ്റ്റർ സർക്കുലർ പ്രകാരമുള്ള നിർദ്ദേശം പാലിച്ച് എം.ബുക്കിൽ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

7) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവ്യത്തികൾക്കാവശ്യമായ സാധനങ്ങൾ കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികമുള്ള കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

| പ്രവ്യത്തി | എം. ബുക്ക് നം. | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| ആശാരിക്കുന്ന് മഠത്തിൽ കുന്ന് റോഡ് കോൺക്രീറ്റിംഗ് | RC/355824 | മേയ്ഫെർ.ജെ. എം. | 417288 |

8) തദ്ദേശ സ്വയംഭരണ (ഡിഡി ) വകുപ്പിന്റെ 11.1.2021 ലെ സർക്കുലർനം. ഡി. ഡി. 2/336/2020/ Lsgd പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് പൊതു പരിശോധനയും സാങ്കേതിക പരിശോധനയും പ്രവ്യത്തി ആരംഭിക്കുന്നതിനു മുൻപും പ്രവ്യത്തി നടക്കുമ്പോഴും പ്രവ്യത്തി പൂർത്തിയായിക്കഴിഞ്ഞും നടത്തേണ്ടതാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 71 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 6.5.2022 മുതൽ 9.5.2022 വരെ | 01/08/2021 മുതൽ 31/03/2022 വരെ | 01.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.04.2022 മുതൽ 2.04.2022 വരെ | 2019-20 വർഷത്തെ സപ്ളിമെന്ററി ഓഡിറ്റ് | 25.10.2022 |

## 1-10 ലേലം - അപാകങ്ങൾ

I) 2021-22 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച ഫയലുകൾ, രജിസ്റ്ററുകൾ, ലേല ഡയറികൾ അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങളുടെ വിശദ വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലം/ ക്വട്ടേഷൻ ഇനം | ലേല/ക്വട്ടേഷൻ തീയതി, ലേലം കൊണ്ട വ്യക്തി | ലേലത്തുക | തുക ഒടുക്കിയ വിശദാംശങ്ങൾ (GST, FC എന്നിവ ഉൾപ്പെടെ) | കരാറിലേർപ്പെട്ടതിന്റെ വിവരം | ഒടുക്കാനവശേഷിക്കുന്ന തുക/തുടർ നടപടി വിവരം |
|---|---|---|---|---|---|---|
| 1 | കിളിമാനൂർപബ്ലിക് മാർക്കറ്റിൽ നിന്നും പ്രവേശന ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 16.02.2021 സുഗുണൻ, കേദാരം, ചെമ്മരത്തുമുക്ക്, നഗരൂർ പി ഒ | 2101000 | 833396/- (കരാർ തുകയുടെ 1/3 ഭാഗം ഒഴിവാക്കി നൽകി)(16.02.21) | പൂരിപ്പിക്കാത്ത കരാർ പത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. | 1062761/-(30.11.22ൽ റവന്യൂ റിക്കവറി നോട്ടീസ് അയച്ചു.) |

| | | | | | | |
|---|---|---|---|---|---|---|
| 2 | കിളിമാനൂർപബ്ലിക് മാർക്കറ്റിലെ മാട്ടിറച്ചി സ്റ്റാൾ നടത്തുന്നതിനുള്ള അവകാശം | 16.02.2021 നൌഷാദ്, കുന്നവിള വീട്, ആല്ലമൂട് പുലിപ്പാറ, പാങ്ങോട് | 712000 | 282426/- (കരാർ തുകയുടെ 1/3 ഭാഗം ഒഴിവാക്കി നൽകി)(18.02.21) | പൂരിപ്പിക്കാത്ത കരാർ പത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. | 592172/-(30.11.22ൽ റവന്യു റിക്കവറി നോട്ടീസ് അയച്ചു.) |
| 3 | കിളിമാനൂർപബ്ലിക് മാർക്കറ്റിലെ ആട്ടിറച്ചി സ്റ്റാൾ നടത്തുന്നതിനുള്ള അവകാശം | 16.02.2021 നിഷാദ്, കുന്നവിള വീട്, ആല്ലമൂട് പുലിപ്പാറ, പാങ്ങോട് | 216000 | 85680/-(18.02.21) | പൂരിപ്പിക്കാത്ത കരാർ പത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. | 179680/-(25.06.22ൽ റവന്യു റിക്കവറി നോട്ടീസ് അയച്ചു.) |
| 4 | കിളിമാനൂർപബ്ലിക് മാർക്കറ്റിലെ കശാപ്പ് ശാലയിൽ നിന്നും പ്രവേശന ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 12.04.21 സുഗുണൻ, കേദാരം, ചെമ്മരത്തുമുക്ക്, നഗരൂർ പി ഒ | 62000 | 24594/-(12.04.21) | പൂരിപ്പിക്കാത്ത കരാർ പത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. | 27179/-(30.11.22ൽ റവന്യു റിക്കവറി നോട്ടീസ് അയച്ചു.) |

തുക ഒടുക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം32/2021-22 - 17.01.2023) ക്ക് കുടിശ്ശിക തീർപ്പാക്കിയത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2. സോൾവൻസി വാങ്ങി സൂക്ഷിച്ചിട്ടില്ല

28.01.2021 ലെ പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ എ 4-1331/2021 നമ്പർ നോട്ടീസ് പ്രകാരം പഞ്ചായത്ത് കമ്മിറ്റി ലേലം അംഗീകരിച്ച് കഴിഞ്ഞാൽ ലേലം വിളി കേട്ടയാൾ ലേലത്തുക ഒറ്റത്തവണയായി ഒടുക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ലേലത്തുകയുടെ ഇരട്ടി സോൾവൻസിയായി ഹാജരാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് (ഇനം 21). എന്നാൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. ഓഡിറ്റ് എൻക്വയറി (നം. 32/2021-22 - 17.01.2023) ക്ക് സോൾവൻസി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ലേലത്തിൽ പങ്കെടുക്കുവാൻ ആരും തയ്യാറാകുന്നില്ലെന്നും അതിനാലാണ് സോൾവൻസി ആവശ്യപ്പെടാത്തതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ലേല വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ലേല നിബന്ധനകൾ പാലിക്കുന്നില്ല

കിളിമാനൂർ പബ്ലിക് മാർക്കറ്റിലെ മാട്ടിറച്ചി സ്റ്റാൾ നടത്തുന്നതിനുള്ള അവകാശം, കിളിമാനൂർപബ്ലിക് മാർക്കറ്റിലെ ആട്ടിറച്ചി സ്റ്റാൾ നടത്തുന്നതിനുള്ള അവകാശം, കിളിമാനൂർ പബ്ലിക് മാർക്കറ്റിലെ കശാപ്പ് ശാലയിൽ നിന്നും പ്രവേശന ഫീസ് പിരിക്കുന്നതിനുള്ള അവകാശം എന്നിവ ലേലം കൊള്ളുന്നവർ 1996ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പ് ശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. മേൽ അവകാശം നേടിയവർ നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ലൈസൻസ് എടുത്തിട്ടില്ല. ഓഡിറ്റ് എൻക്വയറി (നം32/2021-22 17 .01.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-11 വാടക പിരിവ് - അപാകങ്ങൾ

1. വാടക കുടിശ്ശിക

വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | മാസവാടക (ജി.എസ്.ടി, വെള്ളക്കരം എന്നിവ ഉൾപ്പെടെ) | അടവാക്കാനവശേഷിക്കുന്ന മാസങ്ങൾ |
|---|---|---|---|---|
| 1 | ഷോപ്പിംഗ് കോംപ്ലക്സ് SC-VI | അനിൽകുമാർ | 4324 | ജൂലൈ മുതൽ മാർച്ച് വരെ |
| 2 | OMS (O)1 | നിഷാദ് | 394 | ജൂലൈ മുതൽ മാർച്ച് വരെ |
| 3 | OMS (O) II | ഷാജഹാൻ | 479 | ജൂലൈ മുതൽ മാർച്ച് വരെ |

| | | | | |
|---|---|---|---|---|
| 4 | OMS (O) III | പുഷ്കല | 478 | ജൂലൈ മുതൽ മാർച്ച് വരെ |
| 5 | OMS (O) IV | വി ശ്രീധരൻ | 378 | ജൂലൈ മുതൽ മാർച്ച് വരെ |
| 6 | OMS (O) VIII | പ്രസന്നൻ | 1215 | ജൂലൈ മുതൽ മാർച്ച് വരെ |
| 7 | NMS (O)III | പ്രസന്നൻ | 372 | ജൂലൈ മുതൽ മാർച്ച് വരെ |
| 8 | NMS (O)VII | സുദേവൻ | 542 | ജൂലൈ മുതൽ മാർച്ച് വരെ |
| 9 | NMS (O)VIII | സുഗുണൻ | 369 | ജൂലൈ മുതൽ മാർച്ച് വരെ |
| 10 | NMS (O)XI | ഷാജഹാൻ | 1244 | ജൂലൈ മുതൽ മാർച്ച് വരെ |
| 11 | NMS (O)XII | ഷാജഹാൻ | 736 | ജൂലൈ മുതൽ മാർച്ച് വരെ |
| 12 | NMS (O)XIII | ഷാജഹാൻ | 1616 | ജൂലൈ മുതൽ മാർച്ച് വരെ |
| 13 | ലോഡ്ജ് മുറി 2 | ആർകെ ബൈജു | 718 | ജൂലൈ മുതൽ മാർച്ച് വരെ |
| 14 | ലോഡ്ജ് മുറി 4 | യു എസ് സുജിത | 718 | ജൂലൈ മുതൽ മാർച്ച് വരെ |
| 15 | ലോഡ്ജ് മുറി 6 | അബ്ദുൾഹക്കീം | 718 | ജൂലൈ മുതൽ മാർച്ച് വരെ |
| 16 | ലോഡ്ജ് മുറി 9 | പ്രസന്നന | 743 | ജൂലൈ മുതൽ മാർച്ച് വരെ |
| 17 | ലോഡ്ജ് മുറി 11 | സുഗുണൻ | 743 | ജൂലൈ മുതൽ മാർച്ച് വരെ |

വാടകയിനത്തിൽ കുടിശ്ശികയായ തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 34/2021-22, 17.01.2023)ക്ക് വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

2. കമ്മിറ്റി തീരുമാനത്തിനു വിരുദ്ധമായി വാടകക്ക് നൽകി.

08.03.21 ലെ 18/(1)ാം നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സിവിക് കോംപ്ലക്സ് റൂമുകൾ, ലോഡ്ജ് റൂമുകൾ, കിളിമാനൂർ പബ്ലിക് മാർക്കറ്റിലെ സ്റ്റാളുകൾ എന്നിവ കൈവശം വച്ച് ഉപയോഗിച്ച് വരുന്നവരിൽ വാടക കുടിശ്ശിക ഇല്ലാത്തവർക്ക് 2020-21 വർഷത്തെ പ്രതിമാസ വാടകയുടെ 5% വർദ്ധിപ്പിച്ച് 2021-22 വർഷം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി ഷോപ്പിംഗ് കോംപ്ലക്സ് SC- VI മുൻവർഷം കുടിശ്ശിക വരുത്തിയ ശ്രീ അനിൽകുമാർ, ജി പി, ഹൗസ്, ചൂട്ടയിൽ, കിളിമാനൂർ എന്ന വ്യക്തിക്ക് വീണ്ടും വാടകക്ക് നൽകി. പ്രസ്തുത വ്യക്തി 2021-22 വർഷവും വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി കുടിശ്ശിക വരുത്തിയ ആൾക്ക് തന്നെ വീണ്ടും വാടകക്ക് നൽകിയത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/2021-22, 17.01.2023) വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. കുടിശ്ശിക ഉൾപ്പെടെ വാടക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. കരാറിൽ ഏർപ്പെടാതെ വാടക നൽകാതെ മുറികൾ ഉപയോഗിക്കുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള രണ്ട് നില കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ റൂം നമ്പർ 2 ൽ സി പി ഐ (എം), റൂം നമ്പർ 3 ൽ സി പി ഐ, റൂം നമ്പർ 12ൽ പോസ്റ്റ് ഓഫീസ് എന്നിവ പ്രവർത്തിച്ച് വരുന്നു. എന്നാൽ ഇവരുമായി 2021-22 വർഷം കരാറിൽ ഏർപ്പെടുകയോ വാടക ഈടാക്കുകയോ ചെയ്തിട്ടില്ല. വാടക ഒഴിവാക്കി നൽകിയതിന് കമ്മിറ്റി തീരുമാനം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 34/2021-22, 17.01.2023, നമ്പർ 67/21-22, 19.01.23 ) എന്നിവക്ക് വ്യക്തമായ മറുപടി നൽകിയില്ല. പ്രസ്തുത മുറികളുടെ ഉപയോഗം സംബന്ധിച്ച വിശദാംശം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. നിലവിൽ റൂം നമ്പർ 7 ഉം സി പി ഐ (എം) ഉപയോഗിക്കുകയാണെന്നും എൻക്വയറിക്ക് മറുപടി ലഭിച്ചു. മേൽ മുറികൾ ഉപയോഗിക്കുന്നവരുമായി അടിയന്തിരമായി കരാറിൽ ഏർപ്പെടേണ്ടതും വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകങ്ങൾ

1. അപേക്ഷകൾ പൂർണമല്ല

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ്

ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 33 /2021-22, 17.01.2023)ക്ക് ഇനി മുതൽ ലഭിക്കുന്ന അപേക്ഷകളിൽ മേൽ അപാകം പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

2. ട്രേഡേഴ്സ് ലിസ്റ്റ്

2021-22 വർഷം ലൈസൻസ് നൽകിയത് 387 സ്ഥാപനങ്ങൾക്കാണ്. 2020-21ൽ 435 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മുൻ വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ പഞ്ചായത്ത് പരിധിയിലെ 430 സ്ഥാപനങ്ങളാണുൾപ്പെട്ടിട്ടുള്ളത്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതിന് പകരം ഓഡിറ്റ് തീയതിയിലും ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തിയാക്കിയിട്ടില്ല. കോവിഡ് കാരണമാണ് ലൈസൻസ് നൽകുന്നതിൽ കുറവ് സംഭവിച്ചതെന്ന് ഓഡിറ്റ് എൻക്വയറി (നം. 33/2021-22, 17.01.2023)ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് സമയബന്ധിതമായി പൂർത്തിയാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. റേഷൻകടകൾക്ക് ലൈസൻസ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 12 റേഷൻ കടകളിൽ ഒരെണ്ണം മാത്രമാണ് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് നേടിയിട്ടുള്ളത്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.02.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ വിഷയം സംബന്ധിച്ച് പരാമർശം ഉണ്ടെങ്കിലും റേഷൻകടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള യാതൊരു നടപടിയും പഞ്ചായത്ത് അധികൃതർ സ്വീകരിക്കുന്നില്ല.

4. ഇറച്ചി കടകൾക്ക് ലൈസൻസ്

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ല് വച്ച് മറച്ചതും ഈച്ച പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം. 27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീയതി. 17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നെണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്. നിലവിൽ മാർക്കറ്റിൽ പ്രവർത്തിക്കുന്ന കശാപ്പ് ശാലയ്ക്ക് ലൈസൻസ് നൽകിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 33/2021-22, 17.01.2023 ന്റെ മറുപടി). പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കടകൾക്കും നിയമപ്രകാരമുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

5. അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ 351-381 വരെയുള്ള അപേക്ഷകളിൽ 351,352,374-380 ; ക്രമ നമ്പർ 301-350 വരെയുള്ള അപേക്ഷകളിൽ 311, 340, 346 എന്നിങ്ങനെ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (നം. 33/2021-22, 17.01.2023)ക്ക് മറുപടി നൽകിയെങ്കിലും അവ ഹാജരാക്കിയില്ല. അപേക്ഷകൾ പൂർണമായും കൃത്യമായും സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ഗീതം റൂഫിംഗ് മെറ്റീരിയൽസ് - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

15/06/2021 ലെ ഭരണസമിതിയുടെ അജണ്ട 18 തീരുമാന നമ്പർ 1 പ്രകാരം ശ്രീ.മുരളീധരൻ, ഡി.റ്റി.നിവാസ്, പിരപ്പൻകോട് പി ഒ എന്നയാൾ സമർപ്പിച്ച 3490/2021 നമ്പർ അപേക്ഷ പ്രകാരം 12/613A, 12/613B നമ്പർ കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഗീതം റൂഫിംഗ് മെറ്റീരിയൽസ് എന്ന സ്ഥാപനത്തിന് 2000 സ്ക്വയർ ഫീറ്റിലേക്ക് ലൈസൻസിന് അപേക്ഷിച്ചിരുന്നു. ആയത് 62/2021 നമ്പരായി ലൈസൻസ് അനുവദിച്ചു എങ്കിലും ടി കെട്ടിടത്തിന്റെ വിസ്തൃതി നേരിട്ടുള്ള

പരിശോധനയിൽ, സഞ്ചയ രേഖകൾ പ്രകാരം ഉള്ളതിനേക്കാൾ അധികം ആണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് അധിക വിസ്തൃതി റെഗുലറൈസ് ചെയ്യുന്ന മുറയ്ക്ക് ലൈസൻസ് അനുവദിക്കുന്നതാണെന്ന് അറിയിപ്പ് നൽകി. ആയത് പ്രകാരം ലൈസൻസ് ഫീസ്, പ്രൊഫഷൻ ടാക്സ് ഇനങ്ങളിൽ അടവാക്കിയ തുക തിരികെ നൽകണമെന്ന് ടിയാൻ അപേക്ഷിച്ചിരുന്നു. പഞ്ചായത്ത് കമ്മിറ്റി ടിയാളുടെ അപേക്ഷ പരിഗണിച്ച് ലൈസൻസ് ഫീസ്, പ്രൊഫഷൻ ടാക്സ് ഇനങ്ങളിൽ അടവാക്കിയ 3720/- രൂപ തിരികെ നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക 28.06.2021ൽ തിരികെ നൽകി. എന്നാൽ ശ്രീ.മുരളീധരന്റെ ഉടമസ്ഥതയിലുള്ള 12/613A, 12/613B നമ്പർ കെട്ടിടങ്ങളുടെ റഗുലറൈസേഷൻ, പുതുക്കിയ ലൈസൻസ് ഒടുക്കിയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 70/2021-22, 19.01.2023 ക്ക് പ്രസ്തുത വസ്തു റവന്യൂ രേഖകളിൽ നിലം വിഭാഗത്തിൽ ഉൾപ്പെടുന്നതായതിനാൽ ക്രമവത്കരിക്കുവാൻ കഴിയില്ല എന്ന് മറുപടി നൽകി. ഉടമസ്ഥൻ ഭൂമി തരം മാറ്റുന്നതിനായി തിരുവനന്തപുരം ആർ ഡി ഒയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൽ തീർപ്പാകുന്ന മുറയ്ക്ക് ക്രമവത്കരണം നടത്തുന്നതാണെന്നും അറിയിച്ചു. എന്നാൽ സഞ്ചയയിൽ മേൽ കെട്ടിടങ്ങളുടെ വിശദാംശം പരിശോധിച്ചതിൽ അവ നിയമാനുസൃത കെട്ടിടങ്ങളായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഇത്തരത്തിൽ അനധികൃതമായി നിർമ്മാണം നടത്തി നമ്പറിംഗ് പൂർത്തിയാക്കാത്ത കെട്ടിടങ്ങളെ നിയമാനുസൃത കെട്ടിടങ്ങളായി രേഖപ്പെടുത്തിയത് ക്രമപ്രകാരമല്ല. ഗീതം റൂഫിംഗ് മെറ്റീരിയൽസ് എന്ന സ്ഥാപനം 2022-23 വർഷത്തിലും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. നടപടി ക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - കാര്യക്ഷമമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. 2019 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1369 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 13 വളർത്തു നായകൾക്ക് മാത്രമാണ് 2021-22 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി (നം. 35/17.01.2023 ) ക്ക് മറുപടിയായി കോവിഡ് കാരണമാണ് 21-22 വർഷം വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ കാര്യക്ഷമമായി നടക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ നായകൾക്ക് കൃത്യമായ ഇടവേളകളിൽ വാക്സിനേഷൻ നൽകുന്നതിനും വാക്സിനേഷൻ സർട്ടിഫിക്കറ്റുള്ള നായകൾക്ക് ലൈസൻസ് നൽകുന്നതിനും അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി

വസ്തു നികുതി ശേഖരണത്തിലെ അപാകങ്ങൾ താഴെപറയുന്നു.

### 1-15-1 മൊബൈൽ ടവറുകളുടെ കുടിശ്ശിക

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളിൽ നിന്നും 2013-14 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി ഈടാക്കുവാനുള്ളതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതിയും, ലൈബ്രറി സെസ്സും, കുടിശ്ശികയുമുൾപ്പെടെയുള്ള തുകകൾ ഈടാക്കുവാനുണ്ട്.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | ഉടമസ്ഥന്റെ വിവരം | നികുതി അടവാക്കുവാനുള്ള കാലയളവ് | കുടിശ്ശിക |
|---|---|---|---|---|
| 1 | 4/469 | BSNL Civil Sub Division | 2013 മുതൽ 2022 വരെ | 115500 |
| 2 | 16/12/A | Dishnet Wireless Aircel | 2013 മുതൽ 2022 വരെ | 90500 |
| 3 | 16/21/A | Reliance Infocom | 2020 മുതൽ 2022 വരെ | 31500 |
| 4 | 17/457/A | Indian Telecom Infra Ltd | 2013 മുതൽ 2022വരെ | 52500 |
| | | | ആകെ | 290000 |

മേൽ തുകകൾ അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 47/2021-22, 18.01.2023) ക്ക് മറുപടി ലഭ്യമാക്കി. കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-15-2 2000 ചതുരശ്ര അടിയിലധികമുള്ള കെട്ടിടത്തിന് നികുതി ഇളവ് നൽകി

| Sl No | New Ward | New Door | New Sub | Owner Details | Plinth Area |
|---|---|---|---|---|---|

| | No | No | No | | ($M^2$) |
|---|---|---|---|---|---|
| 1 | 13 | 33 | A | തുളസീധരൻ, ഉഷാകുമാരി (അത്തം, ഗ്യാസ് ഗോഡൗൺ, ലൈൻ, കുന്നമ്മേൽ, കിളിമാനൂർ പി ഒ, 695601) | 203.37 |

നികുതി ഇളവ് നൽകിയതുമായി ബന്ധപ്പെട്ട് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 47/2021-22, 18.01.2023)ക്ക് മറുപടി ലഭ്യമാക്കി. നികുതി അടിയന്തിരമായി പുനർനിർണയിച്ച് കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15-3 സത്യവാങ്മൂലം സമർപ്പിക്കാതെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ

GO No. 144/2015 പ്രകാരം 600 Sqft ന താഴെ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങളെയും നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ GO No. 358/2015 പ്രകാരം സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ള കെട്ടിടങ്ങളെ മാത്രമാണ് നികുതിയിൽ നിന്നും ഒഴിവാക്കേണ്ടത്. എന്നാൽ ചില കെട്ടിടങ്ങൾ സത്യവാങ്മൂലം നൽകാതെ തന്നെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl No | New Ward No | New Door No | New Sub No | Owner Details | Plinth Area |
|---|---|---|---|---|---|
| 1 | 2 | 161 | B | സാവിത്രി (ചരുവിള വീട്, വട്ടപ്പച്ച, അടയമൺ) | 42.12 |
| 2 | 2 | 364 | A | വൽസല (കുഴിവിള വീട്, പറണ്ടക്കുഴി, തട്ടത്തുമല) | 57.86 |
| 3 | 3 | 452 | A | ലില്ലി. കെ (തടത്തരികത്തു വീട്, നെടുമ്പാറ, തട്ടത്തുമല) | 58.27 |
| 4 | 3 | 517 | A | നാസറുദ്ദീൻ, റഹ്മത്തുബീവി (സജീവ് മൻസിൽ, പാറക്കട, തട്ടത്തുമല) | 33 |
| 5 | 4 | 169 | B | വിശ്വംഭരൻ (ചരുവിള പുത്തൻ വീട്, കുളപ്പാറ, അടയമൺ) | 51.62 |
| 6 | 4 | 530 | A | ശ്യാമള (കുളപ്പാറ കുന്ന് ചരുവിള പുത്തൻ വീട്, വയ്യാറ്റിൻകര, അടയമൺ) | 58.51 |
| 7 | 6 | 135 | A | അശ്വതി. എസ് (ചരുവിള പുത്തൻവീട്, കൊപ്പം, അടയമൺ പി ഒ,) | 44 |
| 8 | 8 | 304 | A | ബേബി (കേളൻറമൂലയിൽ വീട്, അടയമൺ, അടയമൺ) | 55.5 |
| 9 | 9 | 840 | B | രാധ (ആദിത്യ നിവാസ്, മടപ്പിലാംകോണം, വയ്യാറ്റിൻകര,അടയമൺ) | 42.5 |
| 10 | 10 | 19 | A | ഷിബു .ആർ, സുമയ്യ (സിയ വില്ല, മഠത്തിൽകുന്നു, കിളിമാനൂർ) | 49.37 |
| 11 | 10 | 319 | A | ശാന്തികൃഷ്ണ.എ, ലാലു (ശാന്തി കോട്ടേജ്, കാനാറ, കിളിമാനൂർ) | 58.1 |
| 12 | 12 | 316 | A | വൽസല (കുതിരതടത്തിൽ വീട്, ചിറ്റിലഴികം, ചാരുപാറ) | 53.22 |
| 13 | 13 | 547 | A | ഗിരിജ.റ്റി (സന്ധ്യ ഭവൻ, കുന്നമ്മേൽ, കിളിമാനൂർ) | 51.6 |
| 14 | 14 | 350 | A | ശശിധരൻ (പടിപ്പുരയിൽ വീട്, ഊമൺപള്ളിക്കര, കിളിമാനൂർ) | 48.9 |

വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 47/2021-22, 18.01.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകം പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15-4 കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 8 മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 8/23 | അമ്പിളി (ചരുവിള പുത്തൻ വീട്) | പാർപ്പിടാവശ്യം | താഴത്തെ നില (66 ച മീ ) |
| 2 | 8/32 | മോഹനൻ ആശാരി (ചരുവിള പുത്തൻ വീട്, അടയമൺ ) | പാർപ്പിടാവശ്യം | താഴത്തെ നില (80 ച മീ ) |
| 3 | 8/50 | ശാന്തമ്മ (മൂലയിൽ വീട്, അടയമൺ) | പാർപ്പിടാവശ്യം | താഴത്തെ നില (86 ച മീ ) |
| 4 | 8/53 | രവീന്ദ്രൻ നായർ (രേവതി, അടയമൺ) | പാർപ്പിടാവശ്യം | താഴത്തെ നില (90 ച മീ ), ഒന്നാം നില (46 ച മീ ) |
| 5 | 8/133 | എസ്.രമണി (വിളയിൽവീട്, പയ്യനാട്, അടയമൺ) | പാർപ്പിടാവശ്യം | താഴത്തെ നില (90 ച മീ ) |
| 6 | 8/187 | കെ.ബാല കൃഷ്ണൻ (പറമ്പ് കണ്ടത്തിൽ വീട്, അടയമൺ) | പാർപ്പിടാവശ്യം | താഴത്തെ നില (65 ച മീ ) |
| 7 | 8/220 | സത്യഭാമ (ചാവേറ്റിക്കാട്, ചരുവിളപുത്തൻ വീട്, അടയമൺ) | പാർപ്പിടാവശ്യം | താഴത്തെ നില (100 ച മീ ) |
| 8 | 8/228 | പി.തങ്കമണി (അമ്മൂമ്മക്കുഴി ചരുവിള പുത്തൻവീട്,ചാരുപാറ) | പാർപ്പിടാവശ്യം | താഴത്തെ നില (70 ച മീ ) |
| 9 | 8/249 | തങ്കപ്പൻ (കുന്നിൽ പുത്തൻവീട്അടയമൺ ) | പാർപ്പിടാവശ്യം | താഴത്തെ നില (63 ച മീ ) |
| 10 | 8/356 | ഗോപാലപിള്ള (ഭഗവതിയറവീട്) | പാർപ്പിടാവശ്യം | താഴത്തെ നില (70 ച മീ ) |
| 11 | 8/361 | കമലാക്ഷി അമ്മ (ഭഗവതിയറവീട്, അടയമൺ) | പാർപ്പിടാവശ്യം | താഴത്തെ നില (70 ച മീ ) |
| 12 | 8/419 | സരസ്വതി (സരസ്വതി മന്ദിരം) | പാർപ്പിടാവശ്യം | താഴത്തെ നില (90 ച മീ ) |
| 13 | 8/426 | വീണ (രത്നവിലാസം, ആനന്ദൻമുക്ക്, അടയമൺ ) | പാർപ്പിടാവശ്യം | താഴത്തെ നില (81 ച മീ ) |
| 14 | 8/430 | അസിനാ ബീവി (പ്ലാവിള ഹൗസ്, അടയമൺ) | പാർപ്പിടാവശ്യം | താഴത്തെ നില (80 ച മീ ) |

വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 47/2021-22, 18.01.2023)ക്ക് അപാകം പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.

## 1-15-5 വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകത

സ.ഉ(എം.എസ്) നം. 358/15/തസ്വഭവ., തീയതി 16.12.2015 പ്രകാരം 60 ച.മീ. (660 ച.അടി) യിൽ താഴെ വിസിതീർണ്ണമുള്ള വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കുമ്പോൾ, ഒരു വ്യക്തിയുടെ പേരിലുള്ള ഒരു വാസഗ്രഹത്തിന് മാത്രമാണ് ഇളവ് അനുവദിക്കാൻ സാധിക്കുക. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തികളുടെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് മേൽ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര്, മേൽവിലാസം | നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ |
|---|---|---|
| 1 | രവീന്ദ്രൻ നായർ (രേവതി, അടയമൺ) | 8/53, 8/54 |
| 2 | കെ.ബാല കൃഷ്ണൻ (പറമ്പ് | 8/187, 8/188, 8/189 |

| | | |
|---|---|---|
| | കണ്ടത്തിൽ വീട്, അടയമൺ) | |
| 3 | കമലാക്ഷി അമ്മ (ഭഗവതിയറവീട്, അടയമൺ) | 8/361, 8/362 |
| 4 | ശാരദ (പറങ്കിമാംവിള വീട്, കിളിമാനൂർ) | 13/168, 13/169 |
| 5 | ഗോപാലൻ (കുന്നവിള വീട്, കിളിമാനൂർ) | 13/186, 13/187 |
| 6 | സുപ്രഭ (മണക്കുന്നിൽ വീട്, കിളിമാനൂർ) | 13/199, 13/200 |

വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 47/2021-22, 18.01.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15-6 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 11, 14 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങൾ പാലിച്ചാണോ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയത് എന്ന് വ്യക്തമല്ല. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ സൂക്ഷിക്കേണ്ട രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 47/2021-22, 18.01.2023) നൽകിയതിന് അപേക്ഷയുടെ ഫയൽ ലഭ്യമാക്കിയെങ്കിലും അവ പൂർണ്ണമല്ല .

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് , വിലാസം |
|---|---|---|
| 1 | 11/18 | മോഹനവാര്യർ (കിഴക്കേ വാര്യം,മഹാദേവേശ്വരം,കിളിമാനൂർ പി ഒ,695601) |
| 2 | 11/50 | ടി. നിർമല ദേവി (നിഷ നിവാസ്,മഹാദേവേശ്വരം,കിളിമാനൂർ പി ഒ,695601) |
| 3 | 11/168 | രജനി (സുനിത ഭവൻ,മഹാദേവേശ്വരം,കിളിമാനൂർ പി ഒ,695601,) |
| 4 | 11/124 | സുദേവൻ (പുഷ്പാലയം,മഹാദേവേശ്വരം,കിളിമാനൂർ പി ഒ,695601) |
| 5 | 11/423 | ഷാഹുൽ ഹമീദ് (മീരാ മൻസിൽ,കുഴിവിള, ഊമൺപള്ളിക്കര,കിളിമാനൂർ പി ഒ,695601) |
| 6 | 14/154 | സുകുമാരൻ.ഡി(കോയിക്കലഴികത്ത് വീട്,കിളിമാനൂർ,കിളിമാനൂർ പി ഒ,695601) |
| 7 | 14/358 | ഉമാദേവി(പവിത്രം,ഊമൺപള്ളിക്കര,കിളിമാനൂർ പി ഒ,695601) |
| 8 | 14/365 | ഉത്തമൻ(പുഞ്ചിരി,കന്നമ്മേൽ,കിളിമാനൂർ പി ഒ,695601) |
| 9 | 14/384 | സി . എൻ. രാജൻ(ജയഭവൻ,പഴയാറ്റുകുഴി,കിളിമാനൂർ പി ഒ,695601) |
| 10 | 14/491 A | എസ്. മുരളീധര വാര്യർ(ശങ്കരഗിരി,കിളിമാനൂർ,കിളിമാനൂർ പി ഒ,695601) |
| 11 | 14/567B | ഉമ |

| | | |
|---|---|---|
| | | ഉണ്ണികൃഷ്ണൻ(ത്രിവേണി,പഴയകുന്നമ്മേൽ,കിളിമാനൂർ പി ഒ,695601) |
| 12 | 14/581 A | മനോജ്കുമാർ എം.എസ്, ശ്രീജ എസ്.ആർ(സഞ്ജീവനി,മങ്കാട് , മഹാദേവേശ്വരം,കിളിമാനൂർ പി ഒ,695601) |
| 13 | 14/1488 | സുദേവൻ(സോപാനം,ആഴാന്തക്കുഴി,നിലമേൽ പി ഒ,691535) |

## 1-16 തൊഴിൽ നികുതി പിരിവ് - അപാകങ്ങൾ

1. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 66/2021-22, 18.01.2023) 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും 2021-22 വർഷം തൊഴിൽ നികുതി ഒടുക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട് എന്നും അറിയിച്ചു. തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിൽ 2021-22 വർഷം കരാർ ജോലികൾ നിർവ്വഹിച്ച ചുവടെ ചേർത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാർ 60 ദിവസം പഞ്ചായത്തിൽ തൊഴിലെടുക്കുകയും മറ്റ് തദ്ദേശ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തുകയും ചെയ്ത് അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | കരാറുകാരൻ | മേൽവിലാസം |
|---|---|---|
| 1 | ലാൽ ഡിംഗ | ശ്രീധരീയം, പാപ്പാല, കിളിമാനൂർ |
| 2 | അമ്പിളി വി | എ എസ് ഭവൻ, തൊളിക്കുഴി |
| 3 | ബിജു വി എസ് | അദ്വൈതം, കുന്നമ്മേൽ |
| 4 | അക്ബർഷാ | കൊടിവിള വീട്, ഞാവേലിക്കോണം |
| 5 | രവീന്ദ്രക്കുറുപ്പ് | മുക്കോറ്റിൽ വീട്, കൊല്ലായിൽ |
| 6 | കണ്ണൻ എസ്. എൽ | ഊമൻപള്ളിക്കര, ചീനിവിളവീട്, കിളിമാനൂർ |

3. തൊഴിൽ നികുതി ഈടാക്കിയില്ല

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 66/2021-22, 18.01.2023) തൊഴിൽ നികുതി ഈടാക്കുന്നതിന് കത്ത് നൽകിയതായി അറിയിച്ചു.

| ക്രമ നമ്പർ | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | ഇൻഡസ് ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 2 | റെയ്ഡ്കോ | രണ്ട് അർദ്ധവർഷവും |
| 3 | എ കെ ഫ്യൂവൽസ് | രണ്ട് അർദ്ധവർഷവും |
| 4 | ഷിജു ഫ്യൂവൽസ് | രണ്ടാം അർദ്ധവർഷം |

4. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 66/2021-22, 18.01.2023) തൊഴിൽ നികുതി ഈടാക്കുന്നതിന് കത്ത് നൽകിയതായി അറിയിച്ചു.

| ക്രമ നമ്പർ | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | ബി എസ് എൻ എൽ | രണ്ട് അർദ്ധവർഷവും |
| 2 | അടയമൺ ക്ഷീര സൊസൈറ്റി | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 3 | ഇൻഡസ് ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 4 | ഇൻഡസ് മോട്ടോഴ്സ് (വർക്ക് ഷോപ്പ്) | രണ്ട് അർദ്ധവർഷവും |
| 5 | ഇൻഡസ് മോട്ടോഴ്സ് | രണ്ട് അർദ്ധവർഷവും |
| 6 | വി എസ് എസ് ഇംഗ്ലീഷ് മീഡിയം | രണ്ട് അർദ്ധവർഷവും |
| 7 | വിദ്യാജ്യോതി ഇംഗ്ലീഷ് സ്കൂൾ | രണ്ട് അർദ്ധവർഷവും |
| 8 | റെയ്ഡ്കോ | രണ്ട് അർദ്ധവർഷവും |

## 1-17 സാക്ഷരതാ പ്രേരകിന് അനുവദിച്ച ഓണറേറിയം തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല

സ.ഉ.(സാധാ) നം.626/2021/തസ്വഭവ, തീയതി 26.02.2021 പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ സാക്ഷരതാ പ്രേരക്മാരുടെ 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലെ ഓണറേറിയം സാക്ഷരതാമിഷൻ പിന്നീട് പ്രസ്തുത തുക തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിരുന്നു. 2021-22 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഹെഡ് നം.460509901 - Advance To Others ഇനത്തിന്റെ ലെഡ്ജർ, പഞ്ചായത്തിന്റെ തനത് ഫണ്ടായ DCB TVM 223 യുടെ ബാങ്ക് ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും വൗച്ചർ നം. 22100069/26.04.21 പ്രകാരം (ചെക്ക് നം.560440) 02/21 ലെ ശമ്പളമായി 24288/- രൂപയും വൗച്ചർ നം. 22100239/18.06.21 പ്രകാരം (ചെക്ക് നം.597110) 03/21 ലെ ശമ്പളമായി 27600/- രൂപയും പ്രേരക്മാർക്ക് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ പ്രസ്തുത തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. ബി 18 ഷെഡ്യൂളിൽ പ്രസ്തുത തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/16.01.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എത്രയും വേഗം പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് കാലാവധിയ്ക്കു ശേഷവും ഉപയോഗിച്ചിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പഴയകുന്നുമ്മേൽ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 59/22 |
| പദ്ധതി അടങ്കൽ | 600000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 600000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| എസിആർ ബിൽ നം./ തീയതി | 100/17.09.21 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

എ) മേൽ പ്രോജക്ടിന്റെ ഭാഗമായി മരുന്ന് പർച്ചേസിനായി പ്രൊഫോർമ ഇൻവോയിസ് നം. 135781/29.07.21 പ്രകാരം ഔഷധിയ്ക്ക് 600000/- രൂപ അനുവദിക്കുകയും ടി തുകയുടെ മരുന്ന് പൂർണമായും ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരുന്ന് പർച്ചേസിനുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളത് 2022 മെയ് മാസത്തിലാണ് (സർട്ടിഫിക്കറ്റ് നം. ജി1-189715/20-21). ഇപ്രകാരം തുക അനുവദിക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും (കരാർ തീയതി-06.10.21) 564082/- രൂപയുടെ മരുന്ന് ലഭിക്കുകയും ചെയ്തതിനു ശേഷമാണ് നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളത്.

ബി) ടാക്സ് ഇൻവോയിസ് നം. 90230413/30.1021 പ്രകാരം ലഭിച്ച ചുവടെ പറയുന്ന മരുന്ന് കാലാവധിയ്ക്കു ശേഷവും ഉപയോഗിച്ചിരിക്കുന്നു (ബന്ധപ്പെട്ട സബ് സ്റ്റോക്ക് രജിസ്റ്റർ പേജ് നം.14 പ്രകാരം).

| മരുന്നിന്റെ പേര് | എണ്ണം | മരുന്നിന്റെ വില | കാലാവധി അവസാനിക്കുന്നത് | കാലാവധിയ്ക്കു ശേഷം ഉപയോഗിച്ചത് (എണ്ണം) |
|---|---|---|---|---|
| ഇളനീർകുഴമ്പ് 10GM | 35 | 1400 | 05/22 | 24 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/12.01.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റിന് യഥാസമയം അപേക്ഷിച്ചിരുന്നെങ്കിലും കിട്ടാത്ത സാഹചര്യത്തിലാണ് മരുന്ന് പർച്ചേസ് ചെയ്തതെന്നും കാലാവധി കഴിഞ്ഞ മരുന്ന് എലി നശിപ്പിച്ചതിനാൽ തിരികെ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ഇന്റന്റ് ചെയ്ത് ഉപയോഗിച്ചതായി കാണിക്കുകയായിരുന്നുവെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ഇല്ലാത്ത മരുന്ന് ഉപയോഗിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയെന്നതു ജനങ്ങളുടെ ആരോഗ്യത്തിനും ജീവനും ഭീക്ഷണിയാകുന്ന കാലാവധി കഴിഞ്ഞ മരുന്നുകൾ നിരുത്തരവാദപരമായി കൈകാര്യം ചെയ്തതും ഗുരുതര വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ആയതിന് അടിയന്തിരമായി വിശദീകരണം നൽകേണ്ടതാണ്.

ഭരണസമിതിയുടേയും സ്റ്റാൻിംഗ് കമ്മിറ്റിയുടേയും സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-19 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - 216127 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പഴയകുന്നമ്മേൽ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 70/22 |
| പദ്ധതി അടങ്കൽ | 300000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 300000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| എസിആർ ബിൽ നം./ തീയതി | 259/22.01.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

മേൽ പ്രോജക്ടിന്റെ ഭാഗമായി മരുന്ന് പർച്ചേസിനായി പ്രൊഫോർമ ഇൻവോയിസ് നം. PF-1239/22.12.21 പ്രകാരം ഹോംകോയ്ക്ക് 300000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ 83873/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 216127/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/12.01.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ബാക്കിയുള്ള മരുന്ന് എത്രയും വേഗം എത്തിച്ചുതരാമെന്ന് ഹോംകോ അറിയിച്ചിട്ടുള്ളതായി വിശദീകരിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 പാലിയേറ്റീവ് കെയർ പ്രോജക്ട് - അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ |
| പദ്ധതി നമ്പർ | 44/22 |
| പദ്ധതി അടങ്കൽ | 11,00,000 (വികസന ഫണ്ട്)<br>1,548,00 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 11,00,000 (വികസന ഫണ്ട്)<br>1,54,800 (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ടിന്റെ ഭാഗമായി മരുന്ന് പർച്ചേസിനായി പ്രൊഫോർമ ഇൻവോയിസ് നം. 7933@N/2021/11, തീയതി. 01.11.21 പ്രകാരം IHDB യ്ക്ക് 300000/- രൂപ അനുവദിക്കുകയും ടി തുകയുടെ മരുന്ന് പൂർണമായും ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയിസ് നം. C 24932/13.01.22 പ്രകാരം ലഭിച്ച ചുവടെ പറയുന്ന മരുന്ന് കാലാവധിയ്ക്ക് ശേഷവും ഉപയോഗിച്ചിരിക്കുന്നു (ബന്ധപ്പെട്ട സബ് സ്റ്റോക്ക് രജിസ്റ്റർ പേജ് നം.8 പ്രകാരം).

| മരുന്നിന്റെ പേര് | എണ്ണം | മരുന്നിന്റെ വില | കാലാവധി അവസാനിക്കുന്നത് | കാലാവധിയ്ക്ക് ശേഷം ഉപയോഗിച്ചത് (എണ്ണം) |
|---|---|---|---|---|
| Thyronorm 100 Tab | 990 | 968.22 | 07/22 | 210 |

2. പർച്ചേസ് ചെയ്ത ചുവടെ പറയുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

| ക്രമ നം. | ഇനം | സ്ഥാപനം | ക്യാഷ് ഇൻവോയിസ് നം./തീയതി | തുക | ട്രഷറി ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1 | Log Book-1 | Sukumar Forms & Registers | A-4267/31.03.21 | 238 | 7/06.07.21 (ആകെ ബിൽ തുക-22208) |
| 2 | Apron White - 2 | Saraswathy Textiles | 4166/25.06.21 | 760 | 18/02.11.21 (ആകെ ബിൽ തുക-33192) |

3. പ്രോജക്ടിന്റെ ഭാഗമായി പാലിയേറ്റീവ് നഴ്സായി വർക്ക് ചെയ്യുന്ന ശ്രീമതി സന്ധ്യാഘോഷിന് 18030/- രൂപ നിരക്കിൽ 2021-22 വർഷത്തിൽ ആകെ 216360/- രൂപ വേതനം നൽകിയിട്ടുണ്ട്. ടിയാളുടെ സേവന കാലാവധി തൻവർഷം നീട്ടി നൽകിക്കൊണ്ടുള്ള ഉത്തരവ്, പുതുക്കിയ കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. പാലിയേറ്റീവ് വാഹനത്തിന്റെ ഡ്രൈവറായി ജോലി ചെയ്യുന്ന ശ്രീ.അജിത്.എസ് ന് ദിവസം 650/- രൂപ നിരക്കിൽ വേതനം നൽകിയിരിക്കുന്നു. 2021-22 വർഷത്തിൽ ആകെ 114400/- രൂപ വേതനം നൽകിയിട്ടുണ്ട്. ടിയാളുടെ സേവന കാലാവധി തൻവർഷം നീട്ടി നൽകിക്കൊണ്ടുള്ള ഉത്തരവ്, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 37/17.01.23 ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ

പ്രോജക്ടിന്റെ ഭാഗമായി പർച്ചേസ് ചെയ്ത കാലാവധി കുറഞ്ഞ മരുന്ന് ജനറൽ പ്രോജക്ട് പ്രകാരം പർച്ചേസ് ചെയ്ത കാലാവധി കൂടിയ മരുന്നുമായി പരസ്പരം മാറ്റി സബ് സ്റ്റോക്ക് രജിസ്റ്ററിലേക്ക് ഇഷ്യൂ ചെയ്ത് ഉപയോഗിച്ചതായി അറിയിച്ചിരിക്കുന്നു. എന്നാൽ സബ് സ്റ്റോക്ക് രജിസ്റ്ററിൽ അപ്രകാരമുള്ള യാതൊരു രേഖപ്പെടുത്തലും ഇല്ല. കുറഞ്ഞ കാലാവധി തന്നെയാണ് ബന്ധപ്പെട്ട പേജിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ പാലിയേറ്റീവ് വാഹനത്തിന്റെ ഡ്രൈവർ ശ്രീ.അജിത്.എസ് നെ ജോലിയിൽ പ്രവേശിപ്പിച്ചുകൊണ്ടുള്ള 18.05.2017 ലെ ഉത്തരവാണ് മറുപടിയോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ളത്. സേവന കാലാവധി നീട്ടി നൽകിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പിനായി കത്ത് നൽകിയിട്ടുള്ളതായും അറിയിച്ചിരിക്കുന്നു. മേൽ വ്യക്തികളുടെ സേവന കാലാവധി തൻവർഷം നീട്ടി നൽകിക്കൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 പാലിയേറ്റീവ് പ്രവർത്തനം - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായുള്ള പരിഷ്കരിച്ച മാർഗരേഖ സ.ഉ(സാധാ)നം. 553/2019/തസ്വഭവ, 07.03.19 പ്രകാരം താഴെപ്പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ഖ.2.4.2 - പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ട പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5 ാം തീയതിക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്.

ഖ. 2.6.3(5)- ഗൃഹസന്ദർശന വിവരങ്ങൾ (സന്ദർശിച്ച വീടുകൾ, പങ്കെടുത്തവരുടെ ഹാജർ, ചെലവ് മുതലായവ) അനുബന്ധം 3 മാതൃകയിലുള്ള ഫോറത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ഖ. 2.6.15- പാലിയേറ്റീവ് കെയർ പരിചരണ യൂണിറ്റിന്റെ/തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഈ രംഗത്ത് നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ (ഹോംകെയർ, ഒ.പി ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ, വാർഷികം മുതലായവ) രേഖപ്പെടുത്തി വയ്ക്കുന്നതിന് ഒരു " ഇവന്റ്സ് ഡയറി" എഴുതി സൂക്ഷിക്കേണ്ടതാണ്.

ഖ. 2.7.5- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വരവുകളും ചെലവുകളും പ്രത്യേക വരവ് ചെലവ് കണക്ക് പുസ്തകത്തിൽ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഖ. 2.11.1- മേൽ വിവരിച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സി യുടെ ആഭ്യമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ വച്ച് ഓരോ മാസത്തിലും അവലോകനയോഗങ്ങൾ നടത്തേണ്ടതാണ്. ഓരോ അവലോകനയോഗത്തിലും മുൻമാസം നടന്ന പ്രവർത്തനങ്ങളുടെ എഴുതി തയ്യാറാക്കിയ റിപ്പോർട്ട് (നിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള റിവ്യൂ മീറ്റിംഗ് റിപ്പോർട്ട് ബുക്കിലാണ് ഇത് എഴുതേണ്ടത്). യോഗത്തിന്റെ അജണ്ട, ഹാജർ, മിനിട്സ് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2021-22 വർഷം പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞവ നടപ്പിലാക്കിയിട്ടുണ്ടോയെന്നും പി.എം.സി രൂപീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 38/17.01.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ നിർദ്ദേശങ്ങൾ 2021-22 വർഷം നടപ്പാക്കിയിട്ടില്ലെന്നും ഇടർന്ന് പാലിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ 20.09.2012 ൽ പി.എം.സി രൂപീകരിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും 2021-22 വർഷം പി.എം.സി കൂടിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പരിഷ്കരിച്ച മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 പി.എച്ച്.സി - ആംബുലൻസ് ലോഗ് ബുക്ക് പരിപാലനത്തിലെ അപാകങ്ങൾ

പി.എച്ച്.സി യുടെ KL-16 N 5292 നം. ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(പി)നം.803/70/ഫിൻ തിയതി 13-11-1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ അനുബന്ധം 2 പ്രകാരം ഉള്ള മാതൃകയിൽ ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല.

2) സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ, ചട്ടം-1 ഖണ്ഡിക-3 പ്രകാരം നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

- ലോഗ് ബുക്ക് എൻട്രികളുടെ കാർബൺ പകർപ്പുകളുടെ ഫയൽ.
- അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ വാങ്ങിയ സ്പെയർ പാർട്സുകൾ മുതലായവയുടെ വിവരം ചെലവ്, തിയതി എന്നിവ സഹിതം രേഖപ്പെടുത്തിയ റെക്കോർഡ്. പെട്രോളിന്റെ വില മുതലായവയും ഉപയോഗവും അനാമത്ത് വരവ്-ചെലവുകളും രേഖപ്പെടുത്തിയ രജിസ്റ്റർ.

. വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ.

3) ആറു മാസത്തിലൊരിക്കൽ ഫിറ്റ്നസ് ടെസ്റ്റ്, മൈലേജ് ടെസ്റ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4) വാഹനത്തിന്റെ മെയിന്റനൻസ് രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

5) ധനകാര്യ വകുപ്പിന്റെ 22-10-2020 ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30-11-2020 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ പ്രസ്തുത സൈറ്റ് പരിശോധിച്ചതിൽ മേൽപ്പറഞ്ഞ വാഹനത്തിന്റെ വിവരം രജിസ്റ്റർ ചെയ്തിട്ടില്ല എന്നു കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 51/18.01.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ലോഗ് ബുക്ക് അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ പഞ്ചായത്ത് സെക്രട്ടറിയാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. ആയത് പ്രാവർത്തികമാക്കേണ്ടതാണ്.

## 1-23 അധികതുക നൽകി കമ്പ്യൂട്ടർ പർച്ചേസ് ചെയ്തു

| | |
|---|---|
| പദ്ധതിയുടെ പേര് | കൃഷി ഭവനിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| പദ്ധതി നമ്പർ | 64/22 |
| പദ്ധതി അടങ്കൽ | 60,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 59,815 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

മേൽ പ്രോജക്ടിന്റെ ഭാഗമായി കെൽട്രോൺ മുഖേന ഒരു കമ്പ്യൂട്ടർ, ഒരു പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. കെൽട്രോണിൽ നിന്നുള്ള 12.11.21 ലെ പ്രൊഫോർമ ഇൻവോയിസുകൾ പ്രകാരം കമ്പ്യൂട്ടറിന്റെ വില 39797/- രൂപയും പ്രിന്ററിന്റെ വില 20018/- രൂപയുമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കെൽട്രോണിന് തുക അനുവദിച്ചിരിക്കുന്നത്. Acer India Pvt. Ltd എന്ന സ്ഥാപനത്തിൽ നിന്നുള്ള 27.04.22 ലെ ടാക്സ് ഇൻവോയിസ് ബിൽ പ്രകാരം കമ്പ്യൂട്ടറിന്റെ യഥാർത്ഥ വില 38266/- രൂപയാണ്. അതായത് 38266/- രൂപയ്ക്ക് Acer India Pvt. Ltd എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ കമ്പ്യൂട്ടറാണ് 39797 രൂപയ്ക്ക് കെൽട്രോൺ മുഖേന പഞ്ചായത്ത് വാങ്ങിയിരിക്കുന്നത്. പ്രിന്റർ പർച്ചേസ് ചെയ്തതിന്റെ ടാക്സ് ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രൊഫോർമ ഇൻവോയിസ് പ്രകാരം സ്പെസിഫിക്കേഷനുള്ള പ്രിന്റർ തന്നെയാണോ ലഭ്യമായതെന്നും പ്രിന്ററിന്റെ യഥാർത്ഥവില സംബന്ധിച്ചും വ്യക്തതയില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 56/18.01.2023 ന് ലഭ്യമാക്കിയ മറുപടി പ്രകാരം CPRCS മുഖേന പർച്ചേസ് ചെയ്യുന്നതിനാൽ വിലയിലെ വ്യത്യാസം കൈകാര്യം ചെയ്യാൻ സാധിക്കുന്നതല്ലെന്നും ഗവൺമെന്റ് തലത്തിൽ അന്വേഷിക്കേണ്ട വിഷയമാണെന്നും അറിയിച്ചിരിക്കുന്നു. ആയതിനുള്ള സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 കൃഷി ഓഫീസറുടെ പ്രോജക്ടുകൾ - പൊതുവായ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ മുഖേന വാങ്ങിയ നടീൽ വസ്തുക്കളുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ, തൈകൾ വിതരണം ചെയ്തതായി എഴുതിയിട്ടുണ്ടെങ്കിലും കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം./പേര് | കൈപ്പറ്റ് രേഖയില്ലാത്തവർ | |
|---|---|---|---|
| | | പേര്, വിലാസം | വിതരണ രജിസ്റ്റർ പ്രകാരം വിതരണ ചെയ്ത അളവ് |
| 1 | 56/22- സമഗ്ര പുരയിട കൃഷി വികസനം | ശ്രീമതി ബിന്ദു, പണ്ണുവിള വീട് | 1 യൂണിറ്റ് (1000 രൂപയുടെ നടീൽ വസ്തുക്കൾ) |
| | | ശ്രീമതി ഫസീലാബീവി, സലിം മൻസിൽ | 1 യൂണിറ്റ് (1000 രൂപയുടെ നടീൽ വസ്തുക്കൾ) |
| | | ശ്രീമതി സീനത്ത് ബീവി, ആർ.എസ്.മൻസിൽ | 1 യൂണിറ്റ് (1000 രൂപയുടെ നടീൽ വസ്തുക്കൾ) |

| | | | |
|---|---|---|---|
| | | ശ്രീമതി ലത, കുന്നിൽ വീട് | 1 യൂണിറ്റ് (1000 രൂപയുടെ നടീൽ വസ്തുക്കൾ) |
| | | ശ്രീമതി പ്രിയ, അഞ്ജലി | 1 യൂണിറ്റ് (1000 രൂപയുടെ നടീൽ വസ്തുക്കൾ) |
| | | ശ്രീ. രവീന്ദ്രൻ, വിളയിൽ പുത്തൻവീട് | 1 യൂണിറ്റ് (1000 രൂപയുടെ നടീൽ വസ്തുക്കൾ) |
| 2 | 60/22- വാഴകൃഷി വികസനം | ശ്രീമതി സുമ.എ, സനൽ വിലാസം | 4 യൂണിറ്റ് (25 വാഴവിത്ത്, 200 Ml ജൈവകീടനാശിനി) |
| | | ശ്രീ.ഗോപാലകൃഷ്ണൻ, ശ്രീവിനായക | 4 യൂണിറ്റ് (25 വാഴവിത്ത്, 200 Ml ജൈവകീടനാശിനി) |
| | | ശ്രീമതി മാജിദാബീവി, റിയാസ് മൻസിൽ | 4 യൂണിറ്റ് (25 വാഴവിത്ത്, 200 Ml ജൈവകീടനാശിനി) |

2. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം കൃഷി സംബന്ധമായ പ്രോജക്ടുകൾക്കുള്ള ആനുകൂല്യം ലഭിക്കുന്നതിന് ചുവടെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

എ) കൃഷി ഭൂമിയുടെ കരം അടച്ച രസീത്

ബി) ആധാർ കാർഡിന്റെ പകർപ്പ്

സി) റേഷൻ കാർഡിന്റെ പകർപ്പ്

എന്നാൽ വിവിധ പ്രോജക്ടുകളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ചില അപേക്ഷകളിൽ മേൽപ്പറഞ്ഞ എല്ലാ രേഖകളും ഉൾപ്പെടുത്തിയിട്ടില്ല.

3. മിക്ക അപേക്ഷകളിലും ആകെയുള്ള സ്ഥലം, കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി എന്നിവ സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 58/18.01.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കൈപ്പറ്റ് വിവരം രേഖപ്പെടുത്തുന്നതിന് വിട്ടുപോയതാണെന്നും ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം വാങ്ങാറുണ്ടെന്നും പരിശോധന നടത്തി കൃഷി സ്ഥലത്തിന്റെ വിസ്തൃതി നിജപ്പെടുത്തുന്നതിനാലാണ് അപേക്ഷയിൽ ആയത് രേഖപ്പെടുത്താത്തതെന്നും അറിയിച്ചിരിക്കുന്നു. പൂർണമായ അപേക്ഷയും പ്രോജക്ടിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ രേഖകളും ഗുണഭോക്താക്കളിൽ നിന്നും വാങ്ങേണ്ടതും കൈപ്പറ്റ് വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-25 ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനിലേയ്ക്ക് വാട്ടർ കണക്ഷൻ- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല - 94000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 216 |
| പേര് | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനിലേയ്ക്ക് വാട്ടർ കണക്ഷൻ |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് 94000 |
| ചെലവ് തുക | ബിൽ നം. 37/24.3.22 – 94000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്ത് ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷനിലേയ്ക്ക് നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിച്ച് വാട്ടർ കണക്ഷൻ നൽകുന്നതിന് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/തസ്വഭവ തിയതി 29-1-2018 ലെ ഖണ്ഡിക11.2(ഡി) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി വച്ചിട്ടുള്ള എഗ്രിമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല,

2 ബിൽ നം. 37 പ്രകാരം 94000/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3. 20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ

നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 19ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 94000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 മുൻവർഷ പ്രോജക്ടിന് തൻവർഷ പ്രോജക്ടിൽ നിന്ന് തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 124 |
| പേര് | എ.എം.സി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് 248371 |
| ചെലവ് തുക | ബിൽ നം. 388/21.3.22- 20000<br>445/30.3.22- 11263 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുടേയും എ.എം.സി പുതുക്കുന്നതിലേയ്ക്കായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പ്രോജക്ട് നം. 59/21 പ്രകാരം UPS ന്റെ എ.എം.സിയ്ക്കായി ഇഗാടെക്ക് എന്ന സ്ഥാപനത്തിന് നൽകേണ്ടിയിരുന്ന 11263/- രൂപ ബിൽ നം. 445/30.3.22 പ്രകാരം പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതിപ്പണം ചെലവഴിച്ചതിന്റെ കാരണം ആരാഞ്ഞു കൊണ്ടും പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 ന് ലഭ്യമാക്കിയ മറുപടിയിൽ മുൻവർഷം തുക ചെലവഴിക്കാൻ അവശേഷിക്കാത്തതു കൊണ്ടും പ്രോജക്ട് ഭേദഗതി അനുവദനീയമല്ലാതിരുന്നതിനാലും ആണ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൻവർഷ പ്രോജക്ടിൽ നിന്ന് തുക ചെലവഴിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ടിനനുസൃതമായല്ലാതെ തൻവർഷ പ്രോജക്ടിൽ നിന്ന് മുൻവർഷ പ്രോജക്ടിന്റെ തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 മുൻകൂറായി തുക നൽകിയെങ്കിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായില്ല - 111087/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നം. | | 125 |
| പേര് | | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 413829 | ധനകാര്യകമ്മീഷൻ ഗ്രാന്റ് 205829<br>വികസനഫണ്ട് 20800 |
| ചെലവ് തുക | 390129 | ബിൽ നം. 30/19.02.2022- 172627<br>400/20.03.22- 96949<br>420/26.03.22- 108880<br>35/17.03.22- 11673 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | സെക്രട്ടറി |

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. CPRCS മുഖേന A4 Flat Bed Scanner – 2 എണ്ണം വാങ്ങുന്നതിലേയ്ക്കായി ബിൽ നം. 30 പ്രകാരമുള്ള 172627/- രൂപയിൽ 14138/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും സ്കാനർ ലഭിച്ചതായി കാണുന്നില്ല.

2. ബിൽ നം. 400/20.03.22 പ്രകാരം High Speed Scanner വാങ്ങുന്നതിലേയ്ക്കായി 96949/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ TR 59 E യിൽ തുക കൈമാറിയിരിക്കുന്നത് പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് നം. 020041201200027ലേയ്ക്കാണ്. കെൽട്രോണിന്റെ അക്കൗണ്ടിലേയ്ക്ക് ചെക്ക് നം. 5743946 പ്രകാരം 10.5.22 ൽ മാത്രമാണ് തുക കൈമാറിയിരിക്കുന്നത്. ഇപ്രകാരം മുൻകൂറായി തുക പിൻവലിക്കുകയും സാമ്പത്തിക വർഷം കഴിഞ്ഞ ശേഷം മാത്രം തുക കെൽട്രോണിന് കൈമാറിയതിനും കാരണം വ്യക്തമല്ല. 10.5.22 ൽ കെൽട്രോണിന് തുക കൈമാറിയിട്ടുണ്ടെങ്കിലും High Speed Scanner ലഭ്യമായതായി കാണുന്നില്ല.

3. കെൽട്രോണുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 21 ന് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് ലഭ്യമല്ലാത്തതിനാലാണ് സ്കാനർ ലഭ്യമാകാത്തതെന്ന് അറിയിച്ചിട്ടുണ്ടെന്നും E Gram Swaraj Site മുഖേനയാണ് തുക നൽകേണ്ടിയിരുന്നതെന്നും പ്രസ്തുത Payment Portal മുഖേന ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാത്രമേ തുക ട്രാൻസ്ഫർ ചെയ്യാൻ കഴിയുകയുള്ളുവെന്നും CPCR ലേയ്ക്ക് Payment നൽകുന്നതിന് ഒരു ട്രഷറി അക്കൌണ്ടാണ് ലഭ്യമായിരുന്നതെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു. അതിനാലാണ് പ്രോജക്ട് തുക പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് നിക്ഷേപിച്ച ശേഷം തുക നൽകിയതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കെൽട്രോണിൽ നിന്ന് നേരിട്ട് അല്ലാതെ വാങ്ങുന്നതിനാൽ കരാറിൽ ഏർപ്പെട്ടിട്ടില്ലായെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മുൻകൂറായി തുക നൽകിയെങ്കിലും A4 Flat Bed Scaner – 2 എണ്ണം (14,138/-), High Speed Scanner (96,949/-) എന്നിവ ലഭ്യമാകാത്ത സാഹചര്യത്തിൽ ആകെ 1,11,087/- (14138+96949) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 സ്പെഷ്യൽ പ്രോജക്ട്- കോവിഡ് പ്രതിരോധ പ്രവർത്തനം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 99/22 |
| പേര് | സ്പെഷ്യൽ പ്രോജക്ട്- കോവിഡ് പ്രതിരോധ പ്രവർത്തനം |
| അടങ്കൽ | വികസന ഫണ്ട് 1050000 |
| ചെലവ് തുക | ബിൽ നം. 18/19.9.21- 169750<br>19/19.9.21- 166610<br>22/15.10.21-102175<br>12/28.7.21- 143200<br>14/25.8.21 -85650<br>4/5.6.21 -44588<br>15/19.3.21- 33660<br>21/ 24.9.21- 63300<br>7/6.7.21-215262<br>5/18.6.21- 25697 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഡി.സി.സി നടത്തിപ്പിനായി 25.05.2022 ലെ സ.ഉ (സാധാ) നം. 955/2020/lsgd പ്രകാരം 1050000/- രൂപ വകയിരുത്തി നടപ്പിലാക്കിയിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ (സാധാ) നം.955/ 2020/ Lsgd Dated 25.5. 2020 പ്രകാരം CFLTC യുടെ ഫലപ്രദമായ നടത്തിപ്പിനാവശ്യമായ ഭൗതിക സൌകര്യം യഥാസമയം ഒരുക്കുന്നതിനും ഫലപ്രദമായ ദൈനംദിന നടത്തിപ്പിനും ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. അത്തരത്തിലൊരു മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2. മേൽ ഉത്തരവ് പ്രകാരം നോഡൽ ഓഫീസർ മാനേജ്മെന്റ് കമ്മിറ്റിയുടെ ജോയിന്റ് അക്കൗണ്ട് തുടങ്ങേണ്ടതും മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൗണ്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതും മാനേജ്മെന്റ് കമ്മിറ്റിയുടെ യോഗതീരുമാനങ്ങളുടെ മിനിട്സ് കൃത്യമായി എഴുതി അംഗീകാരം വാങ്ങി സൂക്ഷിക്കേണ്ടതാണ്. ആയവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

3. CFLTC യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ സാധനസാമഗ്രികളും CFLTC മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്ന് ലിസ്റ്റ് ചെയ്യേണ്ടതും CFLTC യ്ക്ക് വാങ്ങാൻ കഴിയാത്തവ ലിസ്റ്റ് ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകുകയും വേണം. അത്തരത്തിലുള്ള ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. മേൽ ഉത്തരവ് പ്രകാരം വരവ് ചെലവ് കണക്കുകൾ അനുബന്ധം 6 ൽ സൂക്ഷിക്കേണ്ടതാണ്. അപ്രകാരം സൂക്ഷിച്ചിട്ടുള്ള വരവുചെലവു കണക്കുകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

5. 17.05.21 ൽ ഡി.സി.സിയിൽ ഭക്ഷണ വിതരണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭ്യമായ ഏക ക്വട്ടേഷനിൽ ഹോട്ടൽ നാലുകെട്ട് 170/- രൂപ നിരക്കിൽ ഭക്ഷണം നൽകാനാണ് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ 17.05.21 ലെ ഭരണസമിതിയുടെ 1/1 നം. തീരുമാനപ്രകാരം 175/- രൂപ നിരക്കിലാണ് ക്വട്ടേഷൻ അംഗീകരിച്ചിട്ടുള്ളത്. ഇപ്രകാരം ലഭ്യമായ ക്വട്ടേഷനേക്കാൾ കൂടുതൽ തുക അംഗീകരിച്ച നൽകിയതിന്റെ കാരണം വ്യക്തമല്ല. ഹോട്ടൽ നാലുകെട്ടിന് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | നൽകിയ തുക | റിമാർക്ക്സ് |
|---|---|---|---|
| 1. | 18/19.9.21 | 169750 | 14.07.21 മുതൽ 14.08.21 വരെ 970 പേർക്ക് 175/- രൂപ നിരക്കിൽ 169750/- രൂപ |

| | | | |
|---|---|---|---|
| | | | നല്കിയിരിക്കുന്നു. |
| 2. | 12/28.7.21 | 143200 രൂപയിൽ 103600 രൂപ | 24.5.21 മുതൽ 16.7.21 വരെ 735 പേർക്ക് 103600/- രൂപ നൽകിയിരിക്കുന്നു. തുക കണക്കാക്കിയിരിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമല്ല |
| 3. | 7/6.7.21 | 215262 രൂപയിൽ 76825 രൂപ | 24.5.21 മുതൽ 17.6.21 വരെയുള്ള 468 പേർക്കുള്ള ആഹാരത്തിനുള്ള 81900/- രൂപയുടെ വൗച്ചറാണ് ഹോട്ടൽ നാലുകെട്ട് നൽകിയിരിക്കുന്നത്. എന്നാൽ 76825/- രൂപയാണ് മേൽ ബിൽ പ്രകാരം നൽകിയിരിക്കുന്നത്. ഏത് തീയതികളിലെ എത്രപേർക്കുള്ള തുകയാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമല്ല. കോവിഡ് രോഗികളുടെ ഹാജർ വിവരം ലഭ്യമാക്കിയിട്ടില്ല. |

6. ബിൽ നം. 14 പ്രകാരം ക്ലിനിംഗ് തൊഴിലാളികളായ 4 പേർക്ക് വേതനമിനത്തിൽ 85650/- രൂപ ചെലവഴിച്ചിട്ടുണ്ട്. മസ്റ്റർ റോൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. ബിൽ നം. 4 പ്രകാരം ചെലവഴിച്ച തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8. ബിൽ നം. 15 പ്രകാരമുള്ള 33650/- രൂപയിൽ 21150/- രൂപ ആംബുലൻസ് വാടകയിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയിട്ടുള്ള സബ് വൗച്ചറുകൾ 20550/- രൂപയുടേതാണ്.

9. ബിൽ നം. 21 പ്രകാരമുള്ള 63300/- രൂപ ആംബുലൻസ് വാടകയിനത്തിൽ ശ്രീ അരുൺ.ആർ എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബില്ലിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ള സബ് വൗച്ചറുകളും ആകെ ചെലവുതുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

10. ബിൽ നം. 7 പ്രകാരമുള്ള 215262/- രൂപയിൽ 23000/- രൂപ ആംബുലൻസ് വാടകയിനത്തിൽ ശ്രീ. അരുൺ. ആർ എന്ന വ്യക്തിയ്ക്ക് നൽകിയതാണ്. എന്നാൽ ലഭ്യമാക്കിയ സബ് വൗച്ചറുകൾ 19500/- രൂപയുടേതാണ്.

11. DCC യുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 കോവിഡ് പ്രതിരോധം ഡി.സി.സി നടത്തിപ്പ് തുക നൽകൽ - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | 192/22 |
| പേര് | കോവിഡ് പ്രതിരോധം ഡി.സി.സി നടത്തിപ്പ് തുക നൽകൽ |
| അടങ്കൽ | തനത് ഫണ്ട് 450000/- |
| ചെലവ് തുക | ചെക്ക് നമ്പറുകൾ ലഭ്യമല്ല. സുലേഖ പ്രകാരം 412254/- രൂപയുടെ ചെലവുണ്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രോജക്ട് നം. 99 പ്രകാരം 1050000/- രൂപ വകയിരുത്തി പ്രോജക്ട് നടപ്പിലാക്കിയെങ്കിലും തുക അപര്യാപ്തമായതിനാലാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. Sanction Order No243/11.01.2022 പ്രകാരം ഉള്ള 228200 രൂപ/- രൂപ ഹോട്ടൽ നാലുകെട്ടിന് ഭക്ഷണ വിതരണം ഇനത്തിൽ നൽകിയിട്ടുണ്ട്. 14.08.21 മുതൽ 05.10.21 വരെ 1307 പേർക്കുള്ള ഭക്ഷണത്തിനാണ് തുക നൽകിയിരിക്കുന്നത്. 17.5.21 ൽ ഡി.സി.സിയിൽ ഭക്ഷണ വിതരണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭ്യമായ ഏക ക്വട്ടേഷനിൽ ഹോട്ടൽ നാലുകെട്ട് 170/- രൂപ നിരക്കിൽ ഭക്ഷണം നൽകാനാണ് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ 17.05.21 ലെ ഭരണസമിതിയുടെ 1/1 നം. തീരുമാനപ്രകാരം 175/- രൂപ നിരക്കിലാണ് ക്വട്ടേഷൻ അംഗീകരിച്ചിട്ടുള്ളത്. ഇപ്രകാരം ലഭ്യമായ ക്വട്ടേഷനേക്കാൾ കൂടുതൽ തുക അംഗീകരിച്ച് നൽകിയതിന്റെ കാരണം വ്യക്തമല്ല.

2. നോട്ട് ഫയൽ പ്രകാരം 2021 മേയ് 5 മുതൽ 2021 ഒക്ടോബർ 4 വരെ ആണ് ഡി.സി.സി പ്രവർത്തിച്ചിട്ടുള്ളത്. 26.10.2021ലെ 29(2) നം. തീരുമാനപ്രകാരം ഡിസിസി പ്രവർത്തനം അവസാനിച്ച ശേഷം സ്കൂൾ ശുചീകരണം നടത്തുന്നതിനായി നിയോഗിച്ചിരുന്ന പത്ത് ശുചീകരണത്തൊഴിലാളികൾക്ക് 70/- രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകിയതിന് ബിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ Sanction Order No. 243/11.01.2022 പ്രകാരമുള്ള ബിൽ പ്രകാരം 05.10.21 ൽ 15 പേർക്ക് 175/- രൂപ നിരക്കിൽ ഭക്ഷണം നൽകിയതിനാണ് തുക അനുവദിച്ചിരിക്കുന്നത്. ഭരണസമിതി അംഗീകരിച്ചതിനേക്കാൾ കൂടതൽ തുക DCC പ്രവർത്തനം അവസാനിച്ചശേഷം സ്കൂൾ ശുചീകരണം നടത്തുന്നതിനായി നിയോഗിച്ചിരുന്നവർക്ക് ഭക്ഷണവിതരണത്തിനായി ചെലവഴിച്ചതിന്റെ കാരണം വ്യക്തമല്ല, ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 31 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം- ഗ്രാമപഞ്ചായത്ത് വിഹിതം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 93 |
| പേര് | ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം- ഗ്രാമപഞ്ചായത്ത് വിഹിതം |
| അടങ്കൽ | വികസന ഫണ്ട് 100000 |
| ചെലവ് തുക | ബിൽ നം. 43/20.7.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 2021-22 ൽ നൽകേണ്ട 100000/- രൂപ ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, ഡി.പി.സി കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 61 ന് ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രിത്തിന്റെ അഭാവത്തിൽ 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 പദ്ധതി രൂപീകരണം- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 10918/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 1 |
| പേര് | പദ്ധതി രൂപീകരണം – നിർവ്വഹണം, മോണിറ്ററിംഗ് |
| അടങ്കൽ | വികസനഫണ്ട് 150000 |
| ചെലവ് തുക | ബിൽ നം. 8/13.07.21 – 21150<br>28/03.02.22- 49370<br>38/30.03.22 – 7140<br>13/09.08.21 - 10918 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

1. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷാഫോം പ്രിന്റ് ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്വട്ടേഷനുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

2. ബിൽ നം. 13/09.08.21 പ്രകാരമുള്ള 10918/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖയുടെ അഭാവത്തിൽ 10918/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 പൊതുമരാമത്ത് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ്, ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ - 96979/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 198 |
| പേര് | പൊതുമരാമത്ത് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ്, ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് 91802<br>തനതുഫണ്ട് 8198 |
| ചെലവ് തുക | ബിൽ നം. 32/3.3.22- 7422<br>36/31.1.22-17253<br>39/30.3.22- 64106<br>സുലേഖ പ്രകാരം തനത് ഫണ്ട് ചെലവ് 8198 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പൊതുമരാമത്ത് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ്, ഇലക്ട്രിക് ലൈൻ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കെ.എസ്.ഇ.ബിയുടെ 19.10.2021ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 17223.60 രൂപയും 21.03.22 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 17223.60 രൂപയും 25.03.22 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 46882.60 രൂപയുമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്.

ആകെ 81329.80 രൂപ. എന്നാൽ മേൽ പരാമർശിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം 96979/- രൂപ (സുലേഖ പ്രകാരമുള്ള തനത് ഫണ്ട് ഉൾപ്പെടെ) കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്. ഡിമാന്റ് ചെയ്തതിനേക്കാൾ കൂടുതൽ തുക കെ.എസ്.ഇ.ബിയ്ക്ക് ഡെപ്പോസിറ്റ് ചെയ്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2. തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള 8198/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 96,979/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 അംഗൻവാടി പോഷകാഹാരം (എസ്.സി)- ഭരണസമിതി തീരുമാനം- തുടർനടപടി വിവരം ലഭ്യമാക്കിയില്ല

1.6.21 ലെ 1(3) നം തീരുമാനപ്രകാരം പ്രോജക്ട് നം. 14/21 പ്രകാരം അംഗൻവാടി പോഷകാഹാരം (എസ്.സി) പദ്ധതിയ്ക്കായി 651755/- രൂപ വികസനഫണ്ടും 200000 രൂപ കേന്ദ്രാവിഷ്കൃത ഫണ്ടും വകയിരുത്തി 851755/- രൂപയ്ക്ക് അംഗീകാരം വാങ്ങിയ പ്രോജക്ടിൽ അധികമായി 48329/- രൂപ കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവഴിച്ചിട്ടുള്ളതിനാൽ സർക്കാർ സാധൂകരണത്തിന് വേണ്ടി കോർഡിനേഷൻ കമ്മിറ്റിയോടും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനോടും അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 42 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-34 2017-18 വർഷത്തെ മാർക്കറ്റ് ഫീസ് - സർക്കാർ ഉത്തരവ് പ്രകാരം ലേലത്തുക മടക്കി നൽകി

വൗച്ചർ നം. 22100639/29.10.21 പ്രകാരം 1,00,000/- രൂപയും, വൗച്ചർ നം. 22100640/29.10.2021 പ്രകാരം 925000/- രൂപയും ഉൾപ്പെടെ ആകെ 1025000/- രൂപ തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിന്റെ 17.09.2021 ലെ സ.ഉ(സാധാ) നം 1790/21/lsgd പ്രകാരം ശ്രീ. ഗുരുദാസൻ, തടത്തിൽ ചരുവിള വീട് എന്നയാൾക്ക് (2017-18 വർഷത്തെ മാർക്കറ്റ് ഗേറ്റ് ഫീസ് ഇനത്തിൽ ഈടാക്കിയ തുക) തിരികെ നൽകിയിട്ടുണ്ട്. മേൽ ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിൽ കിളിമാനൂർ പബ്ലിക് മാർക്കറ്റിൽ നിന്നും 01.04.2017 മുതൽ 31.03.2018 വരെ ഗേറ്റ് ഫീസ് പിരിക്കുന്നതിന് ക്വട്ടേഷൻ പ്രകാരം ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്ത ശ്രീ ഗുരുദാസന്റെ പേരിൽ ലേലാവകാശം 22.07.2017 ലെ പഞ്ചായത്ത് കമ്മിറ്റി 2133333/- രൂപയ്ക്ക് ഉറപ്പിച്ച് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. മേൽ ഉത്തരവിന്റെ ഖണ്ഡിക 4 ൽ 13.03.2017 ൽ ശ്രീ ഗുരുദാസ് സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കി ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടെന്നും ലേലത്തുകയുടെ ഒന്നാം ഗഡുവായ 725000/- രൂപ 20.02.2017 ലും ലേല നിബന്ധന പ്രകാരം 31.03.2017 ൽ രണ്ടാംഗഡുവായ 7,11,111/- രൂപ ഒടുക്കു വരുത്തേണ്ടിയിരുന്നെങ്കിലും 200000/- രൂപ മാത്രം ഒടുക്കുവരുത്തിയതായും രേഖപ്പെടുത്തിയിരിക്കുന്നു. ഉത്തരവിന്റെ ഖണ്ഡിക 5ൽ 01.04.2017 ൽ ഗേറ്റ് ഫീസ് പിരിവ് നടത്തുന്നതിനായി ടിയാൻ കിളിമാനൂർ പബ്ലിക് മാർക്കറ്റിൽ എത്തിയെങ്കിലും പഞ്ചായത്ത് ഭരണസമിതിയിലുള്ള ചില അംഗങ്ങൾ പിരിവ് തടസ്സപ്പെടുത്തുന്നതായി 02.04.2017 ലും 11.04.2017 ലും 15.04.2017 ലും പഞ്ചായത്തിൽ പരാതി സമർപ്പിച്ചെന്നും കൂടിയ നിരക്കിൽ പിരിവ് നടത്തുന്നതിന് അനുവദിക്കണമെന്നും അല്ലാത്തപക്ഷം ലേലം റദ്ദ് ചെയ്ത് ഗ്രാപഞ്ചായത്തിലൊടുക്കിയ ലേല തുകയും സോൾവൻസി സർട്ടിഫിക്കറ്റും തിരികെ നൽകണമെന്നും ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. ശ്രീ ഗുരുദാസൻ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ 1025000/- രൂപയും (നിരതദ്രവ്യം ഉൾപ്പെടെ) സോൾവൻസി സർട്ടിഫിക്കറ്റും തിരികെ ലഭിക്കുന്നതിനുള്ള അനുമതിയ്ക്കായി ബഹു. മുഖ്യമന്ത്രി മുൻപാകെ പരാതി സമർപ്പിക്കുകയും ആയതിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തതിനാൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശ്രീ ഗുരുദാസന് പബ്ലിക് മാർക്കറ്റിൽ നിന്നും ഗേറ്റ് ഫീസ് പിരിക്കാൻ സാധിച്ചില്ലായെന്ന വസ്തുത കണക്കിലെടുത്തും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും നിലവിലെ ചട്ടങ്ങളിൽ ഇളവ് നൽകി ഗ്രാമപഞ്ചായത്തിൽ അടവാക്കിയ 1025000/- രൂപയും സോൾവൻസി സർട്ടിഫിക്കറ്റും തിരികെ നൽകുന്നതിന് 17.09.21 ൽ ഉത്തരവായിട്ടുണ്ട്. ആകെ 1025000/- രൂപ അടവാക്കിയതിൽ വൗച്ചർ നം. 22100640/29.10.2021 ന്റെ അനുബന്ധരേഖയിൽ ശ്രീ ഗുരുദാസൻ 31.3.2017 ൽ 11605108372 നം. രസീത് പ്രകാരം രണ്ടു ലക്ഷം രൂപ ഒടുക്കു വരുത്തിയിരുന്നുവെങ്കിലും രസീത് നഷ്ടപ്പെട്ടുപോയതായി സത്യവാങ്മൂലം മുദ്രപ്പത്രത്തിൽ സമർപ്പിച്ചിട്ടുണ്ട്.

1. 31.03.2017 ലെ 11605108372 -ാം നം. സാംഖ്യ രസീത്, പ്രസ്തുത തീയതിയിലെ ഡേ ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ രണ്ടു ലക്ഷം അടവാക്കിയതിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

2. 2017-18 ൽ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിന് മേൽ സാഹചര്യത്തിൽ പഞ്ചായത്ത് ബദൽ മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോയെന്ന്

വ്യക്തമല്ല.

3. 18.9.2018 ലെ 1/1 ഭരണസമിതി തീരുമാനത്തിൽ 2017-18 വർഷത്തെ ലേലവുമായി ബന്ധപ്പെട്ട് WPC-10978/17 WPCC-20181/18 എന്നീ നമ്പരിലുള്ള കേസുകൾ ഹൈക്കോടതിയിലും 17.9.2018 ൽ 881/18 -ാം നം അപ്പീൽ ഓംബുഡ്സ്മാൻ കോടതിയിലും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ WPC-10978 നം. കേസ് തീർപ്പായതായി 17.09.2021 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. മറ്റു രണ്ട് കേസുകളുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 63 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-35 ദുരിതാശ്വാസ ഫണ്ട് - വിശദാംശം ലഭ്യമാക്കിയില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരാണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

സ.ഉ (സാധാ) നം. 929/21/lsgd Dated 29.04.21 പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ദുരിതാശ്വാസത്തിനായി ധാരാളം തുക സംഭാവനയായി ലഭിക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച പഞ്ചായത്ത് രാജ് ചട്ടം, സർക്കാർ ഉത്തരവ് എന്നിവ പ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പഞ്ചായത്ത് രാജ് ചട്ടം, ഉത്തരവ് എന്നിവ അനുശാസിക്കും പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

## 1-36 സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതികളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)

| | |
|---|---|
| പ്രോജക്റ്റ് നം. | 166 |
| പേര് | സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (സ്പിൽ ഓവർ) |
| അടങ്കൽ | വികസനഫണ്ട് 114000<br>ജില്ലാപഞ്ചായത്ത് വിഹിതം 413250 |
| ചെലവ് തുക | ബിൽ നം. 7/5.8.2021 -114000 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2)

| | |
|---|---|
| പ്രോജക്റ്റ് നം. | 26 |
| പേര് | സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | വികസനഫണ്ട് 912000<br>ജില്ലാപഞ്ചായത്ത് വിഹിതം 441750<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 441750 |
| ചെലവ് തുക | ബിൽ നം. 6/5.8.2021 - 535500<br>9/8.12.21 - 441750<br>15/10.01.22- 376500<br>8/18.12.21- 315000<br>14/10.01.22 - 126750 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

എ) ക്രമ നം. 1 ലെ പ്രോജക്റ്റ് പ്രകാരം ആര്യ. എ (അക്കൗണ്ട് നം. 38450171641) എന്ന ഗുണഭോക്താവിന് 1839/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താവിന്റെ അപേക്ഷ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്തൃലിസ്റ്റിൽ പ്രസ്തുത ഗുണഭോക്താവ് ഉൾപ്പെട്ടിട്ടില്ല.

ബി) ക്രമ നം. 2 ലെ പ്രോജക്റ്റ് പ്രകാരം ആര്യ. എ (അക്കൗണ്ട് നം. 38450171641) എന്ന ഗുണഭോക്താവിന് ആകെ 28499/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താവിന്റെ അപേക്ഷ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്തൃലിസ്റ്റിൽ പ്രസ്തുത ഗുണഭോക്താവ് ഉൾപ്പെട്ടിട്ടില്ല

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 3 ന് അച്ചു. എ എന്ന ഗുണഭോക്താവിന്റെ ആധാർ മാപ്പ് ചെയ്തപ്പോൾ പേര് മാത്രം തെറ്റായി ആര്യ. എ എന്നതിലേയ്ക്കാണ് പോയിരിക്കുന്നതെന്നും ഈ അക്കൗണ്ട് നം. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട അച്ചുവിന്റെ ആണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറുമ്പോൾ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 ക്ഷീരസമൃദ്ധി - കർഷകർക്ക് പാലിന് സബ്സിഡി-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

എ)

| | |
|---|---|
| പ്രോജക്റ്റ് നം. | 33 |
| പേര് | ക്ഷീരസമൃദ്ധി- വനിതാ കർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | വികസനഫണ്ട് 150000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 146548<br>ജില്ലാപഞ്ചായത്ത് വിഹിതം 150000 |
| ചെലവ് തുക | ബിൽ നം.1/27.9.21 – 10542<br>2/29.9.21 – 79084<br>3/7.10.21 – 73659<br>6/16.11.21 – 60374<br>7/9.12.21 – 9091<br>11/7.1.22 - 63798<br>12/4.7.21 – 85956<br>16/31.3.22 -50168<br>15/25.5.22 - 13876 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

ബി)

| | |
|---|---|
| പ്രോജക്റ്റ് നം. | 34 |
| പേര് | ക്ഷീരസമൃദ്ധി- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) |
| അടങ്കൽ | വികസനഫണ്ട് 90000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 90000<br>ജില്ലാപഞ്ചായത്ത് വിഹിതം 90000 |
| ചെലവ് തുക | ബിൽ നം.4/23.10.21 – 36234<br>5/23.10.21- 43023<br>8/27.1.22 -9240<br>9/7.1.22- 1503<br>10/7.1.22- 36376<br>13/18.3.22- 50964<br>14/22.3.22- 11715 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

ഒരു ലിറ്റർ പാലിന് മൂന്ന് രൂപയിലധികരിക്കാത്ത പരമാവധി 40000/- രൂപ സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന ക്രമ നം. എ പ്രകാരമുള്ള പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബിൽ നം. 1 പ്രകാരം ആനുകൂല്യം നൽകിയ ശ്രീമതി ജനനി, ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ആളല്ല.

2. ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും ക്രമ നം. എ , ബി എന്നിവ പ്രകാരമുള്ള പ്രോജക്ടുകളിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്കാണോ തുക കൈമാറിയിട്ടുള്ളതെന്ന് ഉറപ്പാക്കാനായിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 43, 44 എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം. 1 ലെ പരാമർശത്തിന് ആനുകൂല്യം നൽകിയ ഗുണഭോക്താവ് യഥാർത്ഥത്തിൽ ശ്രീലത. ബി, ജനനി, കാനാറ എന്നയാളാണെന്നും ഗുണഭോക്താവിന്റെ പേരിന് പകരം വീട്ടുപേർ തെറ്റായി സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതു കൊണ്ടാണ് അപ്രകാരം അപാകത സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം. 2 പ്രകാരമുള്ള പരാമർശത്തിന് സംഘങ്ങളിൽ നിന്നും ലഭ്യമാകുന്ന പാലളവ് സ്റ്റേറ്റുമെന്റിൽ ആധാർ നം., ബാങ്ക് പാസ്ബുക്ക് ഡീറ്റെയിൽസ് വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി തരുന്ന സ്റ്റേറ്റുമെന്റ് മുഖേനയാണ് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് സബ്സിഡി തുക നൽകി വരുന്നതെന്നും പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ അടിയന്തിരമായി ഫണ്ട് ചെലവഴിക്കണമെന്ന് നിർദേശിച്ചിട്ടുള്ളതിനാലും ആണ് കർഷകരുടെ പക്കൽ നിന്നും അപേക്ഷകളും അനുബന്ധ രേഖകളും വാങ്ങാൻ സാധിക്കാതിരുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സംഘങ്ങളിൽ നിന്ന് ലഭ്യമാകുന്ന സ്റ്റേറ്റുമെന്റ് ആനുകൂല്യ വിതരണത്തിനുള്ള ആധികാരിക രേഖയായി കാണക്കാക്കാനാവില്ല. അർഹരായ ഗുണഭോക്താക്കളിൽ തന്നെ സബ്സിഡി തുക എത്തുന്നുവെന്ന് ഉറപ്പു വരുത്തുന്നതിലേയ്ക്കായി ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും ലഭ്യമാക്കി ആവശ്യമായ പരിശോധനകൾ നടത്തിയ ശേഷം മാത്രം ആനുകൂല്യ വിതരണം നടത്തുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-38 കുട്ടികളുടെ പാർക്ക്-കാട്ടുപിടിച്ച നിലയിൽ

വൗച്ചർ നം. 22100260/28.6.20201 പ്രകാരം കുട്ടികളുടെ പാർക്ക് പൊതുജനങ്ങൾക്ക് തുറന്ന കൊടുക്കുന്നതുമായി ബന്ധപ്പെട്ട ഓൺലൈൻ ഉദ്ഘാടനത്തിന് മൈക്ക് പ്രവർത്തിപ്പിച്ച വകയിലും അനൗൺസ് മെന്റ് നടത്തിയ വകയിലും 2500/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 19.01.2023 ൽ എൽ.എസ്.ജി.ഡി എ.ഇ യുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ, കുട്ടികളുടെ പാർക്ക് കാട്ടുമൂടിയ നിലയിലാണ് കാണപ്പെട്ടത്. കളിയുപകരണങ്ങൾ കാണാൻ കഴിയാത്ത വിധം കാട്ടു പിടിച്ച അവസ്ഥയിലാണ്. വൗച്ചർ നം. 22100260/28.6.20201 പ്രകാരം കുട്ടികളുടെ പാർക്ക് പൊതുജനങ്ങൾക്ക് തുറന്ന കൊടുക്കുന്നതുമായി ബന്ധപ്പെട്ട ഓൺലൈൻ ഉദ്ഘാടനത്തിന് തുക ചെലവഴിച്ചതായി കാണുന്ന സാഹചര്യത്തിൽ ആയത് പൊതുജനങ്ങൾക്കായി തുറന്ന കൊടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 69 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് കുട്ടികളുടെ പാർക്ക് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.



## 1-39 പകൽ വീട് - നിഷ്ക്രിയ ആസ്തി ആയി തുടരുന്ന

വൗച്ചർ നം. 22100907/07.01.2022 പ്രകാരം 5589/- രൂപ പകൽവീട്, ബഡ്സ് സ്കൂൾ എന്നിവയുടെ വാട്ടർ ചാർജ്ജിനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ 19.01.2023 ൽ L.S.G.D എ.ഇയുടെ സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ പകൽവീട് പ്രവർത്തനക്ഷമമല്ലായെന്ന് കാണുന്നു. 2010ൽ ഉദ്ഘാടനം നടത്തിയ കെട്ടിടം, 2017-18 ൽ പുനരുദ്ധാരണം നടത്തിയതായി ശിലാഫലകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പകൽവീട് പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 76 ന് ലഭ്യമാക്കിയ മറുപടിയിൽ പകൽവീട് പുനരുദ്ധാരണം നടന്നിട്ടുണ്ടെന്നും

ആദ്യം രണ്ടു മൂന്നു പേർ വന്നിട്ടുണ്ടായിരുന്നുവെന്നും പിന്നീട് അവർ വരാതായതിനെത്തുടർന്ന് പകൽവീട് പ്രവർത്തിക്കുന്നില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം നിഷ്ക്രിയ ആസ്തി ആയി മാറാതെ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-40 ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റിനുവേണ്ടി സ്ഥലം ഏറ്റെടുക്കൽ-തുടർനടപടികൾ

29.04.2021 ലെ 2(1) ലെ ഭരണസമിതി തീരുമാനപ്രകാരം പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റിനു വേണ്ടി ഭൂമി ഏറ്റെടുത്ത് ലാൻറ് അക്വിസിഷൻ തഹസിൽദാർ നിശ്ചയിച്ച വില അപര്യാപ്തമാണെന്നു കാണിച്ച് വസ്തു ഉടമകൾ ആറ്റിങ്ങൽ സബ്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നതായും പ്രസ്തുത കേസ് പരിഗണിച്ച ആറ്റിങ്ങൽ സബ്കോടതി, ഭൂമി വിട്ടുനൽകിയ വസ്തു ഉടമകൾക്ക് അധിക വിഹിതം നൽകുന്നതിന് ഉത്തരവ് നൽകുകയുണ്ടായതായും രേഖപ്പെടുത്തിയിരിക്കുന്നു. ആറ്റിങ്ങൽ സബ്കോടതിയുടെ ഉത്തരവ് യഥാസമയം പഞ്ചായത്തിന് ലഭ്യമാകാത്തതിനാൽ ടി കോടതി വിധിക്കെതിരെ ബഹു:ജില്ലാ കോടതിയിൽ അപ്പീൽ നൽകാൻ കഴിഞ്ഞിരുന്നില്ലായെന്നും തുടർന്ന് പഞ്ചായത്ത് ഭരണസമിതി ബഹു:ഹൈക്കോടതിയുടെ സ്റ്റാന്റിംഗ് കോൺസിലിനോട് നിയമോപദേശം ആരായുകയും ലഭ്യമായ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹു:ഹൈക്കോടതിയിൽ അപ്പീൽ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ അപ്പീൽ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടായതിനാൽ ആറ്റിങ്ങൽ സബ്കോടതി, വിധിയിലെ ഡിക്രി തുകയുടെ 50 ശതമാനം കോടതിയിൽ കെട്ടിവയ്ക്കേണ്ടതാണെന്നും ആയതിൻ പ്രകാരം 51,08,148/- രൂപ ആറ്റിങ്ങൽ സബ്കോടതിയിൽ കെട്ടിവയ്ക്കുകയും ചെയ്തിരുന്നു. അപ്പീൽ പരിഗണിച്ച ബഹു:ഹൈക്കോടതിയിൽ, ഗ്രാമപഞ്ചായത്തിനു വേണ്ടി ഹാജരായ സ്റ്റാന്റിംഗ് കോൺസൽ ആറ്റിങ്ങൽ സബ്കോടതിയിൽ കേസ് പരിഗണിക്കവേ, ഗ്രാമപഞ്ചായത്തിന്റെ രേഖകൾ സമർപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ലായെന്ന് ബോധിപ്പിക്കുകയുണ്ടായി. ആയതിന്റും അടിസ്ഥാനത്തിൽ ടി കേസ് വീണ്ടും കീഴ്ക്കോടതിയുടെ പരിഗണനക്കായി വിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, അപ്പീൽ പരിഗണിച്ച സബ്കോടതി ഗ്രാമപഞ്ചായത്ത് ഉന്നയിച്ച വാദങ്ങൾ അംഗീകരിക്കാതെ, ആദ്യവിധിയിൽ തന്നെ ഉറച്ചുനിന്നു. ആറ്റിങ്ങൽ സബ്കോടതി ജഡ്ജ്മെൻറ് പ്രകാരം കടപ്പനക്കുന്ന് എൽ.എ യൂണിറ്റ്, അഡീഷണൽ തഹസിൽദാർ, ലഭ്യമാക്കിയ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ രണ്ട് കേസുകൾക്കുള്ള തുക ഗ്രാമപഞ്ചായത്ത് കെട്ടി വയ്ക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 7 കേസുകളുടേയും കാൽക്കുലേഷൻ സ്റ്റേറ്റ്മെൻറ് അഡീഷണൽ തഹസിൽദാർ ലഭ്യമാക്കിയിരുന്നുവെങ്കിലും ആയതിൽ പലിശ കണക്കാക്കിയിരിക്കുന്നത് കോടതി വിധിക്ക് അനുസൃതമല്ലാത്തതിനാൽ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പുനപരിശോധിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും വിവരം അഡീഷണൽ തഹസിൽദാരെ കത്ത് മുഖാന്തിരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ ഒരെണ്ണത്തിന്റെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പുന:പരിശോധിച്ച് ലഭ്യമാകുകയും പ്രസ്തുത തുക ചെലവഴിക്കുന്നതിനുള്ള സർക്കാർ അനുമതിയ്ക്ക് സമർപ്പിക്കുകയും ചെയ്തിരിക്കുന്നു. അഡീഷണൽ തഹസീൽദാർ, അവശേഷിക്കുന്ന കേസുകളുടെ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് ബഹു: സർക്കാർ അനുമതിയോടുകൂടി വസ്തു വിട്ടു നൽകിയ വ്യക്തികൾക്ക് നൽകുന്നതിനായി കെട്ടിവയ്ക്കുന്നതിന് തീരുമാനിച്ചു. മേൽ റിപ്പോർട്ടുകൾ പഞ്ചായത്ത് ഡയറക്ടർക്ക് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ഭരണസമിതി തീരുമാനത്തിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-41 ലൈഫ് പദ്ധതി അപാകങ്ങൾ

2021-22 വർഷം ലൈഫ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | 130/21-22 | 201/21-22 | 135/21-22 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് പദ്ധതി (എസ് സി) | ലൈഫ് പദ്ധതി അഡീഷണൽ ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ | ലൈഫ് പദ്ധതി (എസ് സി പി) |
| അടങ്കൽ | 1353305 (300000 സംസ്ഥാനവിഷ്ഠതം, 28229 ജില്ലാ പഞ്ചായത്ത് വിഹിതം, 1025076 മറ്റുള്ളവ) | 520000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 13160000(40000 എസ് സി പി, 3500000 സംസ്ഥാനവിഷ്ഠതം, 540000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1380000ജില്ലാ പഞ്ചായത്ത് വിഹിതം 7700000 Hudco Loan) |
| ചെലവ് | 153305 (28229 ജില്ലാ പഞ്ചായത്ത് വിഹിതം, 125076 മറ്റുള്ളവ) | 520000 | 2693247(40000 എസ് സി പി, 1700000 സംസ്ഥാനവിഷ്ഠതം, 540000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം 413247 ജില്ലാ പഞ്ചായത്ത് വിഹിതം) |

| നിർവ്വഹണം | വി ഇ ഒ - II | വി ഇ ഒ - II | വി ഇ ഒ - II |
|---|---|---|---|

ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ

1. സ്റ്റേജ് റിപ്പോർട്ടിൽ പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി, പരിശോധകൻ/നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പൂരിപ്പിച്ച് ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. കൈപ്പറ്റ് രസീതിൽ തുകയോ കെട്ടിടത്തിന്റെ സ്റ്റേജോ രേഖപ്പെടുത്തിയിട്ടില്ല.

4. ഗുണഭോക്താവും പഞ്ചായത്തധികൃതരും ചേർന്ന് ചമച്ച കരാറിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ എല്ലാ കരാറും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. കൈവശാവകാശ രേഖ (അസൽ), സൈറ്റ് പ്ലാൻ എന്നിവ ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല.

6. 18.02.2019 ലെ ഡിബി1/752/2018/LSGD നമ്പർ സർക്കുലർ പ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. ഇതിൽ 80000/- രൂപ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും 100000/- രൂപ സംസ്ഥാന വിഹിതവും 220000/- രൂപ ലോൺ തുകയും ആണ്. എന്നാൽ പഴയകുന്നമ്മേൽ ഗ്രാമ പഞ്ചായത്തിൽ തുക വിതരണം ചെയ്തതിൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | തുക / തീയതി | വിഹിതം |
|---|---|---|---|
| 1 | സുനി (139) | 40000/27.02.2020 | Plan Fund |
| | | 160000/29.05.2020 | State Sponsored |
| | | 100000/17.07.2020 | State Sponsored |
| | | 60000/06.11.2020 | Hudco Loan |
| | | 40000/13.11.2021 | Hudco Loan |
| 2 | അശ്വതി (143) | 40000/17.07.2020 | District Panchayath Share |
| | | 160000/24.08.2020 | State Sponsored |
| | | 26695/28.10.2020 | Plan Fund |
| | | 100000/06.11.2020 | Hudco Loan |
| | | 45076/13.11.2021 | Hudco Loan |
| | | 28229/ 30.12.21 | District Panchayath Share |
| 3 | സിന്ധു (115) | 40000/14.02.2020 | Plan Fund |
| | | 160000/30.03.2020 | Block Panchayath Share |
| | | 100000/17.07.2020 | District Panchayath Share |
| | | 60000/03.11.2020 | State Sponsored |
| | | 40000/15.11.2021* | Hudco Loan* |

* ലൈഫ് രജിസ്റ്റർ പ്രകാരം 40000/26.10.21 State Sponsored എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 48/2021-22, 18.01.2023) ഗുണഭോക്താക്കൾ സ്റ്റേജ് പൂർത്തിയായി വരുന്ന മുറയ്ക്ക് കാലതാമസം കൂടാതെ ധനസഹായം നൽകുന്നതിന് വേണ്ടിയാണ് ആ സമയം ലഭ്യമായ ഫണ്ടുപയോഗിച്ച് ഗഡുക്കൾ നൽകുന്നത് എന്നറിയിച്ചു. സർക്കാർ നിർദ്ദേശം പാലിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

7. ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ വീട് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | ആകെ അനുവദിച്ച തുക | അവസാന ഗഡു അനുവദിച്ച തീയതി |
|---|---|---|---|
| 1 | രജനി ആർ (101) | 360000/- | 04.09.2019 |
| 2 | വത്സല (21) | 360000/- | 20.06.2022 |
| 3 | ബേബി ബി (23) | 360000/- | 14.10.2022 |
| 4 | ഗിരിജ ആർ അനിൽ (25) | 360000/- | 02.09.2022 |
| 5 | സന്ധ്യ (41) | 360000/- | 02.09.2022 |

ഗുണഭോക്താക്കൾ ചമച്ച കരാർ പത്രികയിലെ വ്യവസ്ഥ 4 പ്രകാരം കരാറിൽ ഏർപ്പെട്ട് ആറ് മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 48/2021-22, 18.01.2023)ക്ക് മറുപടിയായി മേൽ ഗുണഭോക്താക്കൾ 2022-23 വർഷം സ്പിൽ ഓവർ ആയി തുടരുന്നുവെന്നും ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് അവസാനഗഡു അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-42 ന്യൂലൈഫ് ഭവന പദ്ധതി - അപാകങ്ങൾ

| പ്രോജക്ട് നം | S0139/21-22 | S0053/21-22 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ന്യൂ ലൈഫ് - ലക്ഷം വീട് കോളനി മെയിന്റനൻസ് ജനറൽ (സ്പിൽ ഓവർ) | ന്യൂ ലൈഫ് - ലക്ഷം വീട് കോളനി മെയിന്റനൻസ് |
| നിർവഹണം | വി.ഇ.ഒ സർക്കിൾ I | |
| അടങ്കൽ | 250000 (ജില്ലാ പഞ്ചായത്ത് വിഹിതം) | 1000000 (4,00,000 വി.ഫ.എസ്.സി.പി, 200000/- ബ്ലോ.പ 400000 ജി.പ/-) |
| ചെലവ് | 250000 | 400000 |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്ര കോളനി നവീകരണം. ഗുണഭോക്താവിന് നാല് ഗഡുക്കളായി തുക അനുവദിക്കേണ്ടതുണ്ട്. അവസാന തുക നൽകിയതിന് ശേഷം പ്രസ്തുത വീടിന്റെ പൂർത്തീകരണ ഫോട്ടോ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ഓരോ സ്റ്റേജും വി ഇ ഒ സർട്ടിഫൈ ചെയ്യേണ്ടതാണ്. കൂടാതെ നാലാം ഗഡു നൽകുന്നതിനായി ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം. മേൽ പ്രോജക്ടുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് മാർഗരേഖ പ്രകാരം വീട് മെയിന്റനൻസിനുള്ള തുകയായ 2 ലക്ഷം രൂപ 4 ഗഡുക്കളായി നൽകേണ്ടതും ഗുണഭോക്താവ് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കുമ്പോൾ ആദ്യ ഗഡു തുകയായ 40000/- രൂപ അനുവദിക്കേണ്ടതുമാണ്. എന്നാൽ മേൽ പ്രോജക്ടുകൾ പ്രകാരം ആദ്യ ഗഡുവായി 100000/- രൂപ ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിബന്ധനകളിൽ നിന്ന് വ്യതിചലിച്ചാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.

2) പ്രോജക്ട് മാർഗരേഖ പ്രകാരം ഓരോ സ്റ്റേജും വി.ഇ.ഒ സർട്ടിഫൈ ചെയ്യേണ്ടതുണ്ട്. എന്നാൽ വീട് മെയിന്റനൻസ് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3) ന്യൂ ലൈഫ് മാർഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ചെയർപേർസണായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചതിന്റെയും വാർഡ് മെമ്പർ ചെയർമാനായുള്ള കോളനി തല പ്രോഗ്രാം ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4) ന്യൂ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ മേൽ വിലാസം, ഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ

എന്നിവ രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിശദാംശവും രേഖപ്പെടുത്തിയിട്ടില്ല. S0139/21-22 എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രജിസ്റ്ററിൽ രണ്ട് ഗഡുക്കളായി 100000/- രൂപ വീതം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതായി കൈപ്പറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വർഷം പ്രസ്തുത പദ്ധതിയിൽ അവസാന ഗഡുവായി 50000/- രൂപ വീതം അഞ്ച് പേർക്ക് നൽകിയിട്ടുണ്ട്. S0053/21-22 പ്രകാരം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5) S0053/21-22 പ്രകാരം നാല് ഗുണഭോക്താക്കൾക്ക് ആദ്യഗഡുവായി 100000/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം 7/2021-22, 12.01.2023ക്ക് പദ്ധതിയുടെ ലക്ഷ്യം പൂർണ്ണമായി നടപ്പിലാക്കുന്നതിന് വേണ്ടിയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ടിയും നടപ്പിലാക്കിയതിനാലാണ് ഇത്തരം അപാകങ്ങൾ ഉണ്ടായതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-43 വീട് വാസയോഗ്യമാക്കൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0043/21-22 |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ പദ്ധതി |
| അടങ്കൽ | 2550000 (വികസന ഫണ്ട്-എസ് സി പി) |
| ചെലവ് | 2061687 |
| നിർവ്വഹണം | വി ഇ ഒ - I |

വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് 150000/- രൂപ വീതം നൽകുന്നു. സ. ഉ കൈ നം. 22/2018 തസ്വഭവ തീയതി 14.02.2018, 6-7-6 പ്രകാരം പദ്ധതി നടത്തിപ്പിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥർ തയ്യാറാക്കി എൽ എസ് ജി ഡി എഞ്ചിനിയർ പരിശോധിച്ച ശേഷമാണ് സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കൾക്ക് പരമാവധി തുകയായ 150000/- രൂപ സബ്സിഡി ആയി നൽകുന്ന വിധമാണ് ഈ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്.

2. ഭാര്യയുടേയും ഭർത്താവിന്റേയും പേരിലുള്ള ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

3. വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ വിശദാംശം രേഖപ്പെടുത്തിയ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. തുക കൈപ്പറ്റിയ വിവരം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. ഒന്നാം ഗഡു കൈപ്പറ്റിയവർ സമയബന്ധിതമായി പണിപൂർത്തിയാക്കിയോ എന്ന് പരിശോധിക്കുവാനും കഴിയുന്നില്ല. വ്യക്തിഗത ഫയലിൽ റവന്യൂ സ്റ്റാമ്പ് പതിച്ച് കൈപ്പറ്റ് രസീതുകൾ ചേർത്തിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി (നം 8/2021-22, 12.01.2023)ക്ക് മറുപടി നൽകി. എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. റവന്യൂ സ്റ്റാമ്പ് പതിച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീതിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി : വിനിയോഗ രേഖകൾ ഹാജരാക്കിയില്ല - 612500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0038/2021-22 |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 1225000<br>(612500/- വികസന ഫണ്ട്-ജനറൽ,<br>612500/- മറ്റുള്ളവ) |
| ചെലവ് | 612500/- വികസന ഫണ്ട്-ജനറൽ |
| ബിൽ നമ്പർ | 237/06.01.2022 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിബന്ധന പ്രകാരം നാലു മുതൽ ആറു മാസം പ്രായമുള്ള 49 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നു. കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയവരെ ഉൾപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരത്തോട് കൂടിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മാസാമാസം കാലിത്തീറ്റ വിലയുടെ 50% തെരഞ്ഞെടുത്ത ക്ഷീരസംഘത്തിൽ അടച്ച് തീറ്റ വാങ്ങുന്നു. ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ മാസം തോറും കാലിത്തീറ്റ ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിലേക്കായി 612500/- രൂപ 06.01.21ന് ഡെപ്യൂട്ടി ഡയറക്ടർ,

എസ്.എൽ.ബി.പി തിരുവനന്തപുരത്തിന് കൈമാറിയിട്ടുണ്ട്. [സ.ഉ.(എം.എസ്)22/തസ്വഭവ തീയതി 14-02-2018 ഖണ്ഡിക 6.2 ക്രമ നമ്പർ 6]. കന്നുകുട്ടികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുവാനും പ്രോജക്ട് ലക്ഷ്യമിട്ടുവെങ്കിലും ആയത് സംബന്ധിച്ച വിശദാംശങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയതിന്റെ രേഖ ഉള്ളടക്കം ചെയ്തിട്ടില്ല. പ്രസ്തുത പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം, Thrown Out ആയ ഗുണഭോക്താക്കളുടെ എണ്ണം എന്നിവ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. പദ്ധതിയുടെ അവസാന മൂന്ന് വർഷങ്ങളിലെ വിനിയോഗ വിവരം, കന്നുകുട്ടി ജനന രജിസ്റ്റർ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 36/2021-22, 17.01.2023 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ 6,12,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-45 പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

കൃഷി ഓഫീസറുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തീയതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

1) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) നടീൽ, കൊയ്ത്ത്/വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചു കാണുന്നില്ല.

3) സ.ഉ.(കൈ) നം. 11/2018/തസ്വഭവ, തിരുവനന്തപുരം തീയതി: 29.01.2018 ഖണ്ഡിക 13 പ്രകാരം പ്രോജക്ടുകളുടെ മോണിറ്ററിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഒരു ഫയലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 60/18.01.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം. 1, 2 എന്നിവ പ്രകാരമുള്ള പ്രവർത്തനങ്ങളിൽ ഇനിമേൽ ശ്രദ്ധ ചെലുത്തുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-46 കേദാരം പ്രോജക്ട് - ആനുകൂല്യം നൽകിയതിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | കേദാരം - സമഗ്ര നെൽകൃഷി വികസനം - ഒന്നാം വിള രണ്ടാം വിള |
| പദ്ധതി നമ്പർ | 55/22 |
| പദ്ധതി അടങ്കൽ | 250000 (വികസന ഫണ്ട് പൊതുവിഭാഗം)<br>156400 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>156400 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ – 562800 |
| പദ്ധതി ചെലവ് | 249690 (വികസന ഫണ്ട് പൊതുവിഭാഗം)<br>54400 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>156400 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ – 460490 |
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമസഭ/പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

2. മിക്ക അപേക്ഷകളോടൊപ്പവും ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തന്നെയാണോ സബ്സിഡി തുക പോയിട്ടുള്ളത് എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3. രണ്ടാം വിള നെൽകൃഷിയ്ക്കുള്ള ആകെ 42 ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളുമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. കൂടാതെ ജൈവവളത്തിന്റെ സബ്സിഡി അനുവദിച്ചിരിക്കുന്നതും 42 പേർക്കാണ് (ആകെ ബിൽ തുക – 19680/- രൂപ). എന്നാൽ, കൂലിചെലവ് സബ്സിഡി അനുവദിച്ചിരിക്കുന്നത് 43 ഗുണഭോക്താക്കൾക്കാണ്. ട്രഷറി ബിൽ നം. 19/15.02.22 പ്രകാരം 43 ഗുണഭോക്താക്കൾക്ക് കൂലിചെലവ് സബ്സിഡിയായി ആകെ 102000/- രൂപ (ജില്ലാ വിഹിതം) അനുവദിച്ചിരിക്കുന്നു. ട്രഷറി ബിൽ, ക്ലെയിം സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ അപേക്ഷ സമർപ്പിക്കാത്ത ഹരിത പാടശേഖര സമിതിയ്ക്ക് 290 സെന്റ് സ്ഥലത്ത് കൃഷി ചെയ്തതിന്

9860/- രൂപ സബ്സിഡി അനുവദിച്ചിരിക്കുന്നതായി കാണുന്നു. എന്നാൽ നെൽവിത്ത് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ഹരിത പാടശേഖര സമിതിയ്ക്ക് വിത്ത് വിതരണം ചെയ്തതായി കാണുന്നില്ല.

വിതരണ രജിസ്റ്റർ പ്രകാരം ആകെ 43 പേർക്ക് വിത്ത് വിതരണം ചെയ്തിട്ടുമുണ്ട്. ശ്രീ.ശശിധരൻ, പയ്യനാട്ട് ക്ഷേത്രം വക എന്ന വ്യക്തിയ്ക്ക് (രജിസ്റ്ററിലെ ക്രമ നം. 10) 75 സെന്റ് സ്ഥലത്ത് കൃഷി ചെയ്തതിന് 24 കിലോ നെൽവിത്ത് വിതരണം ചെയ്തതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടിയാളുടെ അപേക്ഷയോ മറ്റ് അനുബന്ധരേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ അറിയിച്ചുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 72/19.01.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വളം, കൂലിചെലവ് സബ്സിഡി എന്നിവ അനുവദിക്കാത്ത, അപേക്ഷ സമർപ്പിക്കാത്ത വ്യക്തിയ്ക്ക് വിത്ത് മാത്രം വിതരണം ചെയ്തതിനും നെൽവിത്ത് വിതരണം ചെയ്യാത്ത, അപേക്ഷ സമർപ്പിക്കാത്ത ഹരിത പാടശേഖര സമിതിയ്ക്ക് കൂലിചെലവ് സബ്സിഡി അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-47 പുൽവെട്ടി യന്ത്രം വാങ്ങൽ - സബ്സിഡി മാർഗ്ഗ രേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പുൽവെട്ടി യന്ത്രം വാങ്ങൽ |
| പദ്ധതി നമ്പർ | 68/22 |
| പദ്ധതി അടങ്കൽ | 30000 (വികസന ഫണ്ട് പൊതുവിഭാഗം)<br>3500 (മറ്റുള്ളവ)<br>ആകെ – 33500 |
| പദ്ധതി ചെലവ് | 29570 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

പ്രോജക്ടിന്റെ ഭാഗമായി ആകെ 32856/- രൂപ വിലയുള്ള ഒരു പുൽവെട്ടി യന്ത്രം റെയ്ഡ്കോയിൽ നിന്നും പർച്ചേസ് ചെയ്ത് (ഇൻവോയിസ് നം.KLR/967/2021-22, തീയതി 22.02.22) ഹരിത ശ്രീ കുടുംബശ്രീ ഗ്രൂപ്പിന് കൈമാറിയിട്ടുണ്ട്. വിലയുടെ 90% തുകയായ 29570/- രൂപയാണ് പഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്. ബാക്കി 3286/- രൂപ ഗ്രൂപ്പ് നേരിട്ടാണ് ചെലവഴിച്ചിരിക്കുന്നത്. വാങ്ങുന്ന യന്ത്രോപകരണങ്ങൾ കരാർ ഉടമ്പടി പ്രകാരം പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് പ്രോജക്ടിന്റെ പ്രധാന ലക്ഷ്യം. കൂടാതെ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14.02.18 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.8, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പരാമർശിച്ചിട്ടുണ്ട്.

1. തദ്ദേശഭരണ സ്ഥാപനതലത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതുസംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങാൻ.

2. യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും, പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കൂ എന്നും സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നും കരാർ വ്യവസ്ഥ വേണം.

3. വാങ്ങുന്ന ഉപകരണങ്ങളുടെ നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി പഞ്ചായത്ത് ഒരു സമിതി രൂപീകരിക്കണം.

4. വാങ്ങിയ യന്ത്രോപകരണങ്ങൾ കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യേഗസ്ഥൻ ഉറപ്പാക്കണം.

മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച യാതൊരു രേഖയും/റിപ്പോർട്ടും പ്രോജക്ട് ഫയലിൽ ലഭ്യമല്ല. കൂടാതെ കരാർ ഉടമ്പടിയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 75/19.01.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗ രേഖ നിർദ്ദേശങ്ങൾ പ്രകാരം പുൽവെട്ടി യന്ത്രത്തിന്റെ നിലവിലെ ഉപയോഗം സംബന്ധിച്ചുള്ള റിപ്പോർട്ട്, ബന്ധപ്പെട്ട കരാർ ഉടമ്പടി എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-48 എൽ പി, യു പി സ്കൂൾ വിദ്യാർഥികൾക്ക് പ്രഭാത ഭക്ഷണം നൽകൽ- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 40/22 |
| പ്രോജക്റ്റിന്റെ പേര് | ഗവൺമെന്റ് സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം |
| അടങ്കൽ | 205533 |
| ചെലവ് | 204841 |

| | |
|---|---|
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ |
| എ സി ആർ ബിൽ നം. | 1. എ സി ആർ ബിൽ നം.-248/15-1-22-40761<br>2. 273/25-1-22-16380<br>3.309/19-2-22-13230<br>4. 363/11-3-22-49420<br>5. 401/23-3-22-85050 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ് |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള അടയമൺ ഗവ. എൽ പി സ്കൂളിലെ 100 കുട്ടികൾക്കും പാപ്പാല എൽ പി സ്കൂളിലെ 75 കുട്ടികൾക്കും , കിളിമാനൂർ ടൗൺ യു പി എസി ലെ 125 കുട്ടികൾക്കും പ്രഭാത ഭക്ഷണം തയ്യാറാക്കി നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ഒരു കുട്ടിക്ക് 7 രൂപ വീതമാണ് നല്കുന്നത്. 2021- നവംബർ മുതൽ 2022-മാർച്ച് വരെയുള്ള കാലയളവിലേക്കുള്ള പ്രഭാത ഭക്ഷണത്തിനുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. പ്രഭാത ഭക്ഷണം തയ്യാറാക്കുന്നതിനായി മൂന്നു സ്കൂളുകളിലേക്കുമായി 153000/- രൂപയുടെ പലവ്യഞ്ജനങ്ങളും പച്ചക്കറികളും വാങ്ങിയിട്ടുണ്ട്. സാധനങ്ങൾ സമാഹരിക്കുന്നതിനായി ജി ഒ പി 259/2010 /തസ്വഭ വ തി. 8-11-10 നം ഉത്തരവു പ്രകാരമുള്ള ക്വട്ടേഷൻ /ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 1/10-1-23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ആവശ്യപ്പെട്ടതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്ന് അറിയില്ലായിരുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പാപ്പാല എൽ പി എസ്, അടയമൺ എൽ പി എസ് എന്നിവ എത്ര കുട്ടികൾക്ക് ഭക്ഷണം വിതരണം ചെയ്തു എന്നതിന്റെ അബ്സ്ട്രാക്റ്റ് തയ്യാറാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ പ്രോജക്റ്റുകൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-49 കറവപ്പശു വളർത്തൽ പദ്ധതി (വനിത) നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 129/21-22(spill Over) |
| പ്രോജക്റ്റിന്റെ പേര് | കറവപ്പശു വളർത്തൽ പദ്ധതി (വനിത) |
| അടങ്കൽ | 935000 (467500 വി ഫ ജനറൽ + 467500 മറ്റുള്ളവ) |
| ചെലവ് | 935000 |
| ബിൽ നമ്പർ/തീയതി/തുക | 1. 264/24.01.2022 - 137500<br>2. 274/26.01.2022 – 275000<br>3. 341/06.03.2022 – 55000<br>4. Chq No. 753508 /02.02.22 –412500<br>5. Chq No.753574/ 10.03.2022 -55000 |
| നിർവ്വഹണം | വെറ്റിനറി സർജ്ജൻ |

പഴയകുന്നമ്മേൽ പഞ്ചായത്തിലെ പാലുൽപ്പാദന വർദ്ധനവിനും പോഷകാഹാര വർദ്ധനവിനും വേണ്ടി രൂപീകരിച്ച പ്രോജക്റ്റാണിത്. പഞ്ചായത്ത് പർച്ചെയ്സിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി കറവപ്പശുക്കളെ പഞ്ചായത്ത് വാങ്ങുന്നു. 27500/- രൂപ ഗുണഭോക്തൃ വിഹിതവും 27500/- രൂപ പഞ്ചായത്ത് വിഹിതവും ചേർത്ത് 55000/- രൂപ വിലയുള്ള കറവപ്പശുവിനെ വാങ്ങി ഗുണഭോക്താക്കളുടെ സ്വന്തം ചെലവിൽ ഇൻഷ്വർ ചെയ്യുന്നതാണ് പ്രോജക്റ്റ്. ആകെ 17 യൂണിറ്റ്. പ്രസ്തുത പ്രോജക്റ്റ് പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കറവ പശു വളർത്തൽ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഗുണഭോക്താക്കൾ ഹാജരാക്കിയ കരാറിൽ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. വാങ്ങിയ പശുക്കളുടെ ഗുണനിലവാരം സംബന്ധിച്ച് പർച്ചെയ്സ് കമ്മിറ്റി/നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. പദ്ധതി പ്രകാരം അനിത കുമാരി പി ആർ, അവിട്ടം, കിഴക്കനേല എന്ന വ്യക്തിക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. മേൽ വ്യക്തിയുടെ റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്നത് തദ്ദേശ സ്ഥാപനം മടവൂർ എന്നാണ്. ശ്രീമതി അനിത കുമാരി പി ആർ, പഴയകുന്നമ്മേൽ പഞ്ചായത്തിലെ താമസക്കാരിയാണ് എന്ന് വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മടവൂർ ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസമാക്കിയ വ്യക്തിക്ക് പഴയകുന്നമ്മേൽ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 45/2021-22, 17.01.2023 മറുപടി ലഭ്യമാക്കിയില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-50 ബഡ്സ് സ്കൂൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്തിനു കീഴിൽ പ്രവർത്തനം ആരംഭിച്ച ബഡ്സ് സ്കൂളിൽ അധ്യാപിക, ഹെൽപർമാർ, ഫിസിയോ തെറാപ്പിസ്റ്റ് എന്നിവർക്ക് വേതനം നൽകുന്നതിനും വിദ്യാർഥികൾക്ക് ഭക്ഷ്യ ധാന്യ വിതരണത്തിനും സ്മാർട്ട് ക്ലാസ് റൂം ഒരുക്കുന്നതിനുമായി തൻവർഷം 910611/- രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സ ഉ നം 44/2013 തസ്വഭവ, തീയതി. 06-04-2013, ഖണ്ഡിക 14 പ്രകാരം ദേശീയ വികലാംഗ നിയമമനുസരിച്ചുള്ള അംഗീകാരം സ്ഥാപനം ആരംഭിച്ച് ആറുമാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യക്ഷേമ ഡയറക്ടറിൽ/സാമൂഹ്യ നീതി വകുപ്പിൽ നിന്നും വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് ലഭിച്ച അംഗീകാരം സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 14/16-01-23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും സ്ഥാപനം ആരംഭിച്ച ശേഷം 2016 രജിസ്ട്രേഷനായി അപേക്ഷ നൽകിയെങ്കിലും നേരിട്ടുള്ള പരിശോധനയിൽ മാനദണ്ഡങ്ങൾ മുഴുവൻ പാലിക്കുന്നില്ല എന്ന കാരണത്താൽ രജിസ്ട്രേഷൻ ലഭിച്ചില്ലായെന്നും, മാനദണ്ഡങ്ങൾ മുഴുവൻ പാലിച്ചശേഷം അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. സ.ഉ (കയ്യെഴുത്ത് )നം 144/2013/ത.സ്വ.ഭ.വ തീ.06/4/13 ഖണ്ഡിക 15 ൽ ബഡ്സ് സ്കൂൾ വികസന മനേജ്മെന്റ് സമിതി മാതൃകയിൽ ബി.ആർ.സികൾക്ക് മനേജിങ്ങ് കമ്മിറ്റികൾ രൂപീകരിച്ച് ധർമ്മസ്ഥാപന സംഘ നിയമ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം ഇതിന് മുൻകൈ എടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ബി.ആർ.സിക്ക് മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മാനേജ്മെന്റ് കമ്മിറ്റി മാനദണ്ഡപ്രകാരം രൂപീകരിക്കുകയും രജിസ്റ്റർ ചെയ്യുന്നതിനായി 10-12-22 ൽ കമ്മിറ്റിയിൽ തീരുമാനം എടുത്ത് അപേക്ഷ തയ്യാറാക്കിയെങ്കിലും സാങ്കേതിക പ്രശ്നങ്ങളാൽ രജിസ്ട്രേഷൻ നടന്നില്ലായെന്നും വീണ്ടും 11-01-23 ന് കമ്മിറ്റി കൂടി രജിസ്ട്രേഷൻ നടപടി എടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബഡ്സ് സ്കൂൾ പ്രവർത്തനം സംബന്ധിച്ച സർക്കാർ ഉത്തരവ് നം. സ ഉ (കൈ)നം 144/13/ത സ്വ ഭ വ തീയതി 6-4-13, 7-2-18 തീയതിയിലെ സ ഉ 20/2018/ത സ്വ ഭ വ എന്നിവയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്കൂളിൽ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുന്നതിന് ആവശ്യപ്പെട്ടതിൽ ലൈബ്രറി, സ്പീച്ച്/ഒക്യുപേഷൻ/തെറാപ്പി, റിക്രിയേഷൻ ഹാൾ എന്നിവ ഒഴികെയുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ടെന്നും മാർഗ നിർദ്ദേശ പ്രകാരമുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നതിന് നിലവിലുള്ള ഫണ്ട് അപര്യാപ്തമാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതും അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-51 ഇ-ടെണ്ടർ-ടെണ്ടർഫോറം വില വിവരങ്ങൾ ലഭ്യമാക്കിയില്ല

ഇ -ടെണ്ടർ ഫീസിനത്തിൽ 2021-22 വർഷം ലഭിക്കാനുള്ള തുകയുടെ വിശദാംശവും ടി തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തിയതിന്റെ വിശദാംശവും ഓഡിറ്റ് എൻക്വയറി നം 28/16-1-23 മുഖേനെ ആവശ്യപ്പെട്ടെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. ടെണ്ടർഫോറം വിലയിനത്തിൽ ലഭ്യമാക്കാനുള്ള തുക പഞ്ചായത്ത് ഫണ്ടിൽ വരവുവെച്ചത് രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-52 വയോജനങ്ങൾക്ക് കട്ടിൽ വിതരണം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | 32/22 (New) |
| പ്രോജക്റ്റിന്റെ പേര് | വൃദ്ധർക്ക് കട്ടിൽ |
| അടങ്കൽ | 295800 |
| ചെലവ് | 293020 |
| ബിൽ നം | 9/13-1-22-164450<br>12/10-2-22-128570 |
| ഫണ്ടിനം | വികസന ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

1. വൃദ്ധരുടെ ക്ഷേമം ലക്ഷ്യമാക്കികൊണ്ട് 4350/- രൂപ നിരക്കിൽ 68 പേർക്ക് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 14-12-21 തിയ്യതിയിലെ 6(10) തീരുമാന പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആർകെ ഇൻഡസ്ട്രീസ് (2799) കൈപ്പള്ളി ഇൻഡസ്ട്രീസ് (2990) എന്നിവയുടെ സാമ്പിളുകൾ പരിശോധിച്ചതിൽ കൈപ്പള്ളി ഇൻഡസ്ട്രീസ് ലഭ്യമാക്കിയ സാമ്പിളിന് ഗുണമേൻമ കൂടുതൽ എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കുറവ് നിരക്ക് ക്വാട്ട് ചെയ്ത ആർ കെ ഇൻഡസ്ട്രീസിനെ ഒഴിവാക്കി കൈപ്പള്ളി ഇൻഡസ്ട്രീസിൽ നിന്നും 98 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. 20-11-21 ന് കൈപ്പള്ളി ഏജൻസീസ് ഹാജരാക്കിയ കട്ടിൽ ഗുണമേൻമ പരിശോധിക്കുന്നതിനായി ഫോറസ്റ്റ് റേഞ്ച് ഓഫീസിലേക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിൽ അതിന്റെ വിവരം ഓഡിറ്റ് എൻക്വയറി നം 16/16-1-23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഫോറസ്റ്റ് റേഞ്ച് ഓഫീസിൽ നിന്നും മറുപടി ലഭിക്കാത്തതിനാൽ പ്രാദേശികമായി ഫർണിച്ചർ നിർമ്മാണം നടത്തുന്ന ബിനു കുമാറിനെ കൊണ്ട് പരിശോധിപ്പിക്കുകയും മികച്ചതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വാങ്ങൽ നടത്തുകയാണുണ്ടായത് എന്ന് അറിയിച്ചിട്ടുണ്ട്.

2. കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017വകുപ്പ് 51(1), കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. പദ്ധതി പ്രകാരം 293020 രൂപക്ക് വാങ്ങൽ നടത്തിയെങ്കിലും അപ്രകാരം ജി എസ് ടി തുക കരാറുകാരനിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ജി എസ് ടി രേഖപ്പെടുത്താത്ത ബില്ലാണ് കൈപ്പള്ളി ഏജൻസീസ് നൽകിയതെന്നും അതിനാലാണ് ജി എസ് ടി ഈടാക്കാതിരുന്നതെന്നുമാണ്. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല.
3. 2018-19 വർഷം 368000/- രൂപ, 2020-21 വർഷം സ്പിൽ ഓവർ പദ്ധതി പ്രകാരം 219303/- രൂപ, ന്യൂ പ്രോജക്റ്റിൽ 243180/- രൂപ, തൻവർഷം 293020/- രൂപ ആകെ 1123503/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും വാങ്ങിയ സാധനങ്ങളുടെ വിതരണത്തിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തന്നെ മുൻപ് നൽകിയ ഗുണഭോക്താക്കൾക്ക് തന്നെ വീണ്ടും നൽകാനിടവന്നിട്ടുണ്ടോ എന്നത് പരിശോധനാ വിധേയമാക്കാൻ കഴിഞ്ഞിട്ടില്ല.
പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിലവിലുള്ള സർക്കാർ ഉത്തരവുകളിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്നും പദ്ധതി പണം പാഴാവുന്നില്ലായെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-53 നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XX111 ൽ ഉൾപ്പെടുത്തി ടൌൺ യു പി എസ് കെട്ടിടനിർമ്മാണം- വൈദ്യുതീകരണവും അനുബന്ധ പ്രവൃത്തികളും നടപ്പിലാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XX111 ൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കിളിമാനൂർ ടൗൺ യു.പി.എസ്. കെട്ടിടനിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നു. 1,42,86,452/- രൂപക്ക് ടെൻഡർ ഏറ്റെടുത്ത് കരാറിലേർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ ഏറെക്കുറെ പൂർത്തീകരിച്ച വരവെ കോൺട്രാക്ടറായ ശ്രീ.എസ്.കെ.അനിൽകുമാർ, തടത്തരികത്തു വീട്, ആനക്കുഴി, മീൻമുട്ടി പി.ഒ എന്നയാൾ കോവിഡ് ബാധിതനായി 25.04.2021 ൽ മരണപ്പെടുകയുണ്ടായി. അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാമ്പത്തികസ്ഥിതിയോ ആൾശേഷിയോ ഇല്ലായെന്നും ആയതിനാൽ ഇതുവരെ നടത്തിയ പണികളുടെ വർക്ക് ബിൽ ക്ലോസ് ചെയ്ത് തുക അനുവദിക്കണമെന്ന് അനിൽകുമാറിന്റെ ഭാര്യ ശ്രീമതി.രഞ്ജിത.സി.എ നല്കിയ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനായിരുന്ന ശ്രീ.എസ്.കെ.അനിൽകുമാർ നിർവഹിച്ച പ്രവൃത്തികൾക്കുള്ള വർക്ക് ബിൽ ക്ലോസ് ചെയ്ത് അർഹതപ്പെട്ട തുക അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശികൾക്ക് കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും ബിൽ തയാറാക്കി ഗ്രാമവികസന കമ്മീഷണറുടെ അനുമതി വാങ്ങുന്നതിന് ഉചിത മാർഗ്ഗേന പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും 29-06-21 തിയ്യതിയിലെ 2/1-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം. 2210082/15-12-21 മുതൽ 22100807 /15-12-21 വരെയുള്ളവയിലായി 5793125/- രൂപ തൻ വർഷം കരാറുകാരന്റെ അവകാശിക്ക് നൽകിയിട്ടുണ്ട്. 19-01-23 ന് നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ടി കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കെട്ടിടത്തിൽ വൈദ്യുതീകരണം നടന്നിട്ടില്ലാത്തതായും നിലവിൽ കുട്ടികൾ വേണ്ടത്ര വെളിച്ചത്തിന്റെയും വായു സഞ്ചാരത്തിന്റെയും അഭാവമുള്ള സാഹചര്യത്തിൽ പഠനം നടത്തുന്നതായും കാണപ്പെട്ടു. കെട്ടിടത്തിന്റെ വൈദ്യുതീകരണം എത്രയും വേഗം പൂർത്തിയാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-54 പാഥേയം പദ്ധതി - സി ഡിഎസിനു കൈമാറിയ തുക പൂർണ്ണമായും ചെലവഴിക്കാതെ മുഴുവൻ തുകക്കും വിനിയോഗ സാക്ഷ്യപത്രം അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം | 19/22 |
| പ്രോജക്റ്റിന്റെ പേര് | പാഥേയം |
| അടങ്കൽ | 17280- പ്ലാൻ<br>25920-ജില്ലാ വിഹിതം |
| ചെലവ് | 17280 |
| ഫണ്ടിനം | വികസന ഫണ്ട് |
| ബിൽ നം | ബിൽ നം 7/17-12-21-17280 |

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ അഗതികളും 60 വയസ്സിന് മുകളിലുള്ളവർക്കും ഒരു നേരത്തെ ആഹാരത്തിനു വഴിയില്ലാത്തവരുമായ വയോജനങ്ങൾക്ക് ഒരു നേരത്തെ പാകം ചെയ്ത ആഹാരം കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. ഒരു നേരത്തെ ഭക്ഷണത്തിനുള്ള തുകയായ 40/- രൂപയുടെ 40 % ആയ 16/- രൂപയാണ് പഞ്ചായത്ത് വിഹിതമായി നൽകുന്നത്. 3 ഗുണഭോക്താക്കൾക്കുള്ള തുകയാണ് വകയിരുത്തിയിരിക്കുന്നത് (3*16*365). 12-07-22 തിയ്യതിയിലെ P-6/6322/21/TDP/(63) പ്രകാരം മേൽ പറഞ്ഞ മുഴുവൻ തുകക്കുമുള്ള വിനിയോഗ സാക്ഷ്യ പത്രം

ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

കുടുംബശ്രീ ഓഫീസിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം വള്ളി, കൊച്ചാപ്പി, ഗ്രേസി എന്നീ ഗുണഭോക്താക്കൾക്കാണ് ഭക്ഷണം നൽകിയിരിക്കുന്നത്. ഭക്ഷണം അനുവദിച്ചതിന്റെ ചെലവു രേഖകൾ പരിശോധിച്ചതിൽ കൊച്ചാപ്പി, ചരുവിള വീട് പറണ്ട കുഴി എന്നവർക്ക് 29-07-21 വരെ ഭക്ഷണം വിതരണം ചെയ്തതിന് റീജക്കും, ഗ്രേസി, ചരുവിള വീട്, ചെറുനാരകംകോട്, എന്നവർക്ക് 31-07-21 വരെ ഭക്ഷണം നൽകിയതിന് സുഹിതക്കും വള്ളി, തോപ്പിൽ വീട് എന്നവർക്ക് 31-03-22 വരെ ഭക്ഷണം നൽകിയതിന് ഷൈലജക്കും തുക അനുവദിച്ചിട്ടുണ്ട്. കൊച്ചാപ്പി, ഗ്രേസി എന്നീ ഗുണഭോക്താക്കൾ മരണപ്പെട്ടുപോയതിനുശേഷം മേൽ സൂചിപ്പിച്ച തിയ്യതിക്കുശേഷം ടിയാർക്ക് ഭക്ഷണം നൽകിയിട്ടില്ല. കൊച്ചാപ്പിക്ക് 01-04-21 മുതൽ 29-07-21 വരെ 120 ദിവസത്തേക്ക് പഞ്ചായത്ത് വിഹിതമായി 1920/- രൂപയും ഗ്രേസിക്ക് 01-04-21 മുതൽ 31-07-21 വരെ 122 ദിവസത്തേക്ക് പഞ്ചായത്ത് വിഹിതമായി 1952/- രൂപയും വള്ളിക്ക് 01-04-20 മുതൽ 31-03-22 വരെ 5840/- രൂപയും ചേർത്ത് ആകെ 9712/- രൂപയാണ് പഞ്ചായത്ത് വിഹിതത്തിൽ നിന്നുള്ള യഥാർഥ ചെലവ്. പഞ്ചായത്ത് കൈമാറിയ 17280/- രൂപയിൽ നിന്നും യഥാർത്ഥ ചെലവായ 9712/- രൂപ കിഴിവ് ചെയ്ത് ബാക്കി 7568/- രൂപ കുടുംബശ്രീ അക്കൌണ്ടിൽ അവശേഷിക്കുന്നു. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടവാക്കുകയോ തുടർ വർഷങ്ങളിൽ ക്രമീകരിക്കുകയോ ചെയ്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-55 ടേക്ക് എ ബ്രേക്ക് - വഴിയോര വിശ്രമ കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 177/22( So) |
| പ്രോജക്റ്റിന്റെ പേര് | പന്ത്രണ്ടിന പരിപാടി - പൊതു ശൗചാലയം |
| അടങ്കൽ | 2614000 |
| ചെലവ് | 685899 |
| ഫണ്ടിനം | സി എഫ് സി |
| എ സി ആർ ബിൽ നം | 393/22-03-22, തുക – 685899/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പഴയ കുന്നുമ്മേൽ കുറവൻ കുഴി ജംഗ്ഷനു സമീപം ടേക്ക് എ ബ്രേക്ക് - വഴിയോര വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിനായി 2020-21 ൽ രൂപീകരിച്ച 2614000/- രൂപ അടങ്കലുള്ള പ്രവൃത്തിയിൽ തൻവർഷം 685899/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുറവൻകുഴി ജംഗ്ഷനു സമീപം കെ എസ് ടി പി മാർക്ക് ചെയ്ത് നൽകിയ സ്ഥലത്ത് റോഡ് വിസ്തീർണ്ണം കൂട്ടുമ്പോൾ മാറ്റങ്ങളുണ്ടാവുമെന്ന വ്യവസ്ഥയിൽ 9/22 ൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച കെട്ടിടം 19-01-23 ന നടത്തിയ സ്ഥല പരിശോധനയിൽ പ്രവർത്തനം ആരംഭിക്കാത്തതായി കാണപ്പെട്ടു. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി 57/18-1-23ന് സിവിൽ വർക്കുകൾ പൂർത്തീകരിച്ചെങ്കിലും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, വാട്ടർ കണക്ഷൻ എന്നിവ കൂടി പൂർത്തീകരിച്ചതിനുശേഷം ഈ മാസം പ്രവർത്തനം ആരംഭിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. കെട്ടിടത്തിനനുബന്ധിച്ചുള്ള കഫേറ്റ് ഏരിയ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 1-56 കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

1. 29-4-21 ലെ അജണ്ട 2തീരുമാനം 1 പ്രകാരം ഗ്രാമ പഞ്ചായത്തിലെ കുറവൻ കുഴി എന്ന സ്ഥലത്ത് എസ് എസ് കോട്ടേജിലെ ശ്രീ. ഷറഫുദ്ദീൻ എന്നയാൾ പഞ്ചായത്ത് ഇടവഴി കൈയ്യേറി റബ്ബർ കൃഷി ചെയ്തു വരുന്ന വിഷയത്തിൽ താലൂക്ക് സർവ്വെയറെ കൊണ്ട് വസ്തു അളന്ന് കൈയ്യേറ്റം ഉണ്ടെങ്കിൽ ആയത് ഒഴിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എടുത്ത തുടർ നടപടി വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2. 15-06-2021 അജണ്ട 11 തീരുമാനം 1 പ്രകാരം 2021-22 വാർഷിക പദ്ധതിയിൽ ഭേദഗതിയിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ കാലികമാക്കുന്നതിന് പ്രോജക്റ്റ് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതി അംഗീകാരം വാങ്ങുന്നതിനും അജണ്ട12 തീ-1 പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള തോട് പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തി പഞ്ചായത്തിന്റെ ഉടസ്ഥതയിലേക്ക് മാറ്റുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിലവിൽ താലൂക്ക് സർവ്വേയറെ ചുമതലപ്പെടുത്തി പഞ്ചായത്തിലെ തോട് പുറംമ്പോക്കും മറ്റുള്ള ആസ്തികളും അളന്ന് തിരിച്ച് പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും അപ്രകാരം വിവരം ഉൾപ്പടുത്തി കാലികമാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ഭരണസമിതി തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-57 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. പഴയകുന്നമ്മേൽ ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ ആകെ മൂന്ന് പ്രവൃത്തികളിൽ മാത്രമാണ് ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഇത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.46/18. 01.2022) മറുപടിയായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | | ക്ഷീര സമൃദ്ധി (ജനറൽ) (പ്രോ.നം 34) | -- | 62679 | 62679 | -- |
| | | ക്ഷീര സമൃദ്ധി (വനിത) (പ്രോ.നം 33) | -- | 150000 | 150000 | -- |
| | | സ്നേഹസ്പർശം (പ്രോ.നം 26) | -- | 441750 | 441750 | -- |
| | | കേദാരം (പ്രോ.നം 55) | -- | 156400 | 156400 | -- |
| | | ന്യൂ ലൈഫ് (ജനറൽ) (പ്രോ.നം 139) | -- | 250000 | 250000 | -- |
| | | ലൈഫ് (എസ്.സി) (പ്രോ.നം 130) | -- | 28229 | 28229 | -- |
| | | ലൈഫ് (എസ്.സി) (പ്രോ.നം 135) | -- | 413247 | 413247 | -- |
| | | ആകെ | -- | 1502305 | 1502305 | -- |

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | ക്ഷീര സമൃദ്ധി (ജനറൽ) (പ്രോ.നം 34) | -- | 36376 | 36376 | -- |

| | | | | | |
|---|---|---|---|---|---|
| | ക്ഷീര സമൃദ്ധി (വനിത) (പ്രോ.നം 33) | -- | 146548 | 146548 | -- |
| | സ്നേഹസ്പർശം (പ്രോ.നം 26) | -- | 441750 | 441750 | -- |
| | കേദാരം (പ്രോ.നം 55) | -- | 54400 | 54400 | -- |
| | ലൈഫ് (എസ്.സി) (പ്രോ.നം 135) | -- | 540000 | 540000 | -- |
| | ആകെ | -- | 1219074 | 1219074 | -- |

നീക്കിയിരിപ്പ് വിവരങ്ങൾ

| | 20-21 B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 20-21 RP 7/31 പ്രകാരമുള്ള വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | 20-21 B4 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 31026 | 1502305 | 1533331 | 1502305 | 31026 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 567357 | 1219074 | 1786431 | 1219074 | 567357 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പ്രോജക്ട് നം. 216 ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനിലേക്ക് വാട്ടർ കണക്ഷൻ | 94000 | 0 | 94000 |
| | ആകെ | | 0 | 94000 |
| KSEB | പ്രോജക്ട് നം. 198 പൊതു മരാമത്ത് പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ്/ഇലക്ട്രിക്ക് ലൈൻ സ്ഥാപിക്കൽ | 96979 | 0 | 96979 |
| | ആകെ | 96979 | 0 | 96979 |

· നീക്കിയിരിപ്പ് വിവരങ്ങൾ

* 96979/- രൂപ കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചതിൽ 32873/- രൂപയുടെ ചെലവ് മാത്രമാണ് വാർഷിക കണക്കിൽ RP-47 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കിയുള്ള 64106/- രൂപ ഏത് ഹെഡ്ഡിലാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല.

** സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 216/22-ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനിലേയ്ക്ക് വാട്ടർ കണക്ഷൻ പദ്ധതിയുടെ ഭാഗമായി 94000/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-47 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

| | 20-21 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 21-22 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | യഥാർഥത്തിലുള്ള നീക്കിയിരിപ്പ് | 20-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| KWA | 7360485 | 94000 | 7454485 | 0 | 7454485 | **4642830 |
| KSEB | 517919 | 96979 | 614898 | 0 | 614898 | *509041 |
| GWD | 232710 | 0 | 232710 | 0 | 232710 | 232710 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | നൽകിയ ഏജൻസി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | KURDFC | 6761892 | 28229 | 997333 | 5792788 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര വിവരം | രസീത് നം/ തീയതി |
|---|---|---|---|---|
| 2015-16/2016-17 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2019/21) 48-ാമത് റിപ്പോർട്ടിലെ ശുപാർശ ഖണ്ഡിക 23, 24 | 31877/- | സി. കെ ഗോപിനാഥൻ വൽസല സൈനുദ്ധീൻ ആറുമുഖൻ HM GUPS കിളിമാനൂർ | 12105010213/18.9.21<br>121020202/18.9.21<br>121050102134/18.9.21<br>121050102178/20.9.21<br>121050102426/5.10.21<br>121050102427/5.10.21<br>121050106250/26.02.22 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3(4) | 2005-06 | 2.2.1 | വി.ഇ.ഒ നിർവഹണദ്യോഗ സ്ഥനായി നിർവഹിച്ച 1763175/- രൂപയുടെ പദ്ധതി ചെലവിൽ 1313000/- രൂപയുടെ ചെലവ് രേഖകൾ ഇല്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 20310103.04 |
| ഓഡിറ്റ് വർഷത്തെ വരവ് | 83207964 |
| ആകെ | 103518067.04 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 85280273.04 |
| നീക്കിയിരിപ്പ് | 18237794.04 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1025484 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 94000 | ശ്രീ. ശ്യാം കുമാരൻ, സെക്രട്ടറി |
| 1-27 | 111087 | ശ്രീ.ശ്യാം കുമാരൻ, സെക്രട്ടറി |
| 1-30 | 100000 | ശ്രീ. സന്തോഷ് കുമാർ . ജെ.ജെ, സെക്രട്ടറി |
| 1-31 | 10918 | ശ്രീമതി. മീര .എൻ മേനോൻ, സെക്രട്ടറി |
| 1-32 | 96979 | ശ്രീ. ശ്യാം കുമാരൻ, സെക്രട്ടറി |
| 1-44 | 612500 | ഡോ. സൈജു, വെറ്റിനറി സർജൻ |
| ആകെ | 1025484 | |

*(ഡി)* കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

*(ഇ)* നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

*(എഫ്)* റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. ശ്യാം കുമാരൻ, സെക്രട്ടറി | സെക്രട്ടറി, മംഗലപുരം ഗ്രാമപഞ്ചായത്ത് | നെല്ലിക്കുന്നിൽ വീട്, കോലിയക്കോട് |
| 2 | ശ്രീ. സന്തോഷ് കുമാർ .ജെ.എസ് | സെക്രട്ടറി, പൂവച്ചൽ, ഗ്രാമപഞ്ചായത്ത് | ശ്രേയസ് രാമപുരം, ലെയിൻ അമ്പലമുക്ക് മുക്കോലക്കൽ.പി.ഒ |
| 3 | ശ്രീമതി. മീര .എൻ മേനോൻ | സെക്രട്ടറി, കള്ളിക്കാട് ഗ്രാമപഞ്ചായത്ത് | ശ്രീനിലയം, തിരുവനന്തപുരം |
| 4 | ഡോ. സൈജു, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, പഴയ കുന്നുമ്മേൽ | ചൈത്രം, പാളയം കുന്ന്, .പി.ഒ, വർക്കല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 2 (2-24, 2-38) |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 1 (2-8) |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 3 (2-5, 3-4, 3-12) |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 2 (3-1, 3-7) |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 1 (3-18) |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 3 (3-7-2, 3-8, 3-10) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 1 (3-4) |
| 2010-11& 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 4 (3-1, 3-7, 3-16, 3-18) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 3 (2-3, 3-3, 3-8) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 2 (3-5, 3-6) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 4 (2-1, 2-4, 3-5, 3-7) |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 1<br>(3-1) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.11/645/2022 തീയതി. 19.10.2022 | 3<br>(2-1, 2-3, 3-5) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/464/2019 തീയതി. 30.11.2019 | 9 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/2047/2019 തീയതി. 14.01.2020 | 42 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.9/1735/2021 തീയതി. 18.01.2022 | 49 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.9/844/2022 തീയതി. 21.06.2022 | 30 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്